# ചിത്രശലഭങ്ങളെപ്പോലെ

(നാടകം)

ഫിറോസ്

VENUS

1127
1541

# സ്വർഗ്ഗത്തിലേക്ക് ഒരെളുപ്പവഴി

(മുസ്ലിം സാമുദായികനാടകം)

1127
1561

നാടകകൃത്ത്:

ഫിറോസ്.

NATIONAL BOOK ST
30 MAY 1957
TRIVANDRUM-1

അവതാരിക:

പടിയത്ത്.

വില പത്തണ

ഒന്നാംപതിപ്പ് കോപ്പി 1000
1956 ഒക്കടോബർ.

പ്രസാധകന്മാർ:

താജ് പബ്ലിക്കേഷൻസ്,
പി. ഒ. റോഡ്, തൃശ്ശൂർ.

അച്ചടി:

കേരളോദയം പ്രസ്സ്,
തൃശ്ശൂർ.

പകർപ്പവകാശം ഫിറോസിന്നു്.

1/27
15-41

ഈ നാടകത്തെപ്പററി—

## ശ്രീ. പടിയത്തു് പറയുന്നു

അവതാരികകളുടെയെല്ലാം കാലം കഴിഞ്ഞുപോയി. അവതാരിക എന്നാൽ 'മുഖസ്തുതി' എന്നായി തീൎന്നിട്ടുണ്ടു്. മററു പലരേയുംപോലെ ആ 'മുഖസ്തുതി'യെ വെറുക്കുന്ന—അതിനെ നിശ്ശേഷം നശിപ്പിക്കണമെന്നാശിക്കുന്ന—വൎഗ്ഗത്തിൽപ്പെട്ട ഒരുത്തനാണു് ഞാനും.

ഇത്തരുണത്തിലാണു് ഞാനൊരവതാരികയെഴുതാൻ പേനയെടുക്കുന്നതു്. എൻെറ കൈകാം വിറയ്ക്കുന്നുണ്ടു്. "അതരുതു്" എന്നു അന്തരംഗം എന്നോടാജ്ഞാപിക്കുന്നുണ്ടു്. പക്ഷെ, ആ ആജ്ഞ ചെവിക്കൊള്ളാനെനിയ്ക്കു കഴിയുന്നില്ല. ഒരപേക്ഷയ്ക്കു മുമ്പിൽ ആ ആജ്ഞയ്ക്കു തീരെ ശബ്ദമില്ലാതായിപ്പോകുന്നു.

അങ്ങനെ, അറിഞ്ഞുകൊണ്ടുതന്നെ ഞാനൊരു തെററു ചെയ്യുകയാണു്. വായനക്കാരോടു് ഞാനതിന്നു മാപ്പപേക്ഷിക്കുന്നു.

എവിടേയും നാടകങ്ങളുടെ കോലാഹലങ്ങാം മാത്രമെ കോംക്കാനുള്ളു. ഏതു ഓണംകേററാമൂലയിൽപ്പോലും ഇപ്പോാം നാടകങ്ങാം അഭിനയിച്ചുതുടങ്ങിയിരിക്കുന്നു. ഒരു കലാസമിതി—അവിടെ മറെറാന്നില്ലെങ്കിൽപോലും ഒരു നാടകം അഭിനയിക്കാതിരിക്കുകയില്ല.

അക്കാരണത്താൽതന്നെയാണു് ഇന്നു വളരെയധികം നാടകഗ്രന്ഥങ്ങാം പുറത്തുവന്നുകൊണ്ടിരിക്കുന്നതു്. ചുരുങ്ങിയതു് ഒരു നാടകമെങ്കിലും പുറത്തുവരാത്ത ആഴ്ച ഇല്ലെന്നായിട്ടുണ്ടു്.

എന്നാൽ അവയിൽ എത്രയെണ്ണം വിജയിച്ചിട്ടുണ്ടു്?

അതുമാത്രം ചോദിക്കരുതു്. അതോൎക്കുമ്പോഴാണു് കരളിന്നു നൊമ്പരം തോന്നുന്നതു്.

വളരെ കുറച്ച്. എണ്ണുപറഞ്ഞാൽ കൈവിരലുകൾകൊണ്ടെണ്ണാവുന്നത്രമാത്രം നാടകങ്ങൾ മാത്രമെ നാടകസാഹിത്യത്തിന്റെ മുതൽക്കൂട്ടുകളായിട്ടുള്ളൂ. കെ. ടി. മുഹമ്മദിന്റെ "ഇതു ഭൂമിയാണ്" "കറവററ പശു" "മനുഷ്യൻ കാരാഗ്രഹത്തിലാണ്" എരുർ വാസുദേവിന്റെ "ജീവിതം അവസാനിക്കുന്നില്ല" അയ്മുവിന്റെ "ജ്ജ് നല്ലൊരു മനിസനാവാൻ നോക്ക്" തുടങ്ങി വളരെ കുറച്ചു നാടകങ്ങൾമാത്രം.

മതിയൊ? ഇത്രയും കുറച്ചു നാടകങ്ങളെക്കൊണ്ടുമാത്രം നമ്മുടെ നാടകസാഹിത്യത്തിന്നു വളച്ച് എത്തിയോ? നാടകങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ ദാഹം തീക്കാൻ ഈ കുറഞ്ഞ നാടകങ്ങളെക്കൊണ്ടുമാത്രം സാധിക്കുമൊ?

ഇല്ല. അതിനിനിയും വളരെയേറെ നാടകങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നാടകങ്ങൾ ഉണ്ടായാൽ പോരാ, നല്ല നല്ല നാടകങ്ങളുണ്ടാവണം. അഭിനയയോഗ്യമായ നല്ലനല്ല നാടകങ്ങൾ

സ്വർഗ്ഗത്തിലേയ്ക്കു ഒരെളുപ്പവഴി.

അതും ഒരു നാടകമാണ്. ഒരു പുതിയ നാടകകൃത്തിന്റെ പ്രഥമകൃതി. അതാണിപ്പോൾ ഞാനിവിടെ അവതരിപ്പിക്കാൻ പോകുന്നതു്.

പ്രസ്തുത നാടകം വിജയിച്ചിട്ടുണ്ടോ? ഈ ചോദ്യത്തിന്നാണ് നാം ആദ്യമായി ഉത്തരം കണ്ടുപിടിക്കേണ്ടതു്.

പൊതുവെ പറഞ്ഞാൽ അഭിനയയോഗ്യമായ ഏതു നാടകവും വിജയമാണ്. ആ നിലയിലൂടെ നോക്കുമ്പോൾ നമ്മുടെ മുമ്പിലിരിക്കുന്ന "സ്വർഗ്ഗത്തിലേയ്ക്കു ഒരെളുപ്പവഴി"യും വിജയമാണോ?

നടീനടന്മാർ നന്നായിരുന്നാൽ ഏതു നാടകവും വിജയിക്കു മെന്നുള്ള ചിലരുടെ വാദങ്ങളോട് പൂർണ്ണമായും യോജിക്കാൻ ഞാൻ തയ്യാറില്ല. എത്ര കഴിവുററ നടീനടന്മാർ അഭിനയിച്ചാലും ചില നാടകങ്ങൾ വിജയിക്കാൻ പോകുന്നില്ല. തീർച്ച.

അത്തരത്തിൽപെട്ട ഒന്നാണോ വെറും രണ്ടു രംഗങ്ങൾ മാത്രമുള്ള ഈ ലഘുനാടകം? അല്ലെന്നാണെൻെറ വിശ്വാസം. കഴിവുററ നടീനടന്മാർ അഭിനയിച്ചാൽ രംഗത്ത് വിജയിക്കാൻ സാദ്ധ്യതയുള്ള ഒന്നാണ് ഈ "സ്വർഗ്ഗത്തിലേക്കു ഒരെളുപ്പവഴി" എന്ന ലഘുനാടകം

പണക്കാരനും കൊള്ളരുതാത്തവനുമായ അഹമ്മതുമുതലാളി. അയാളുടെ കാര്യസ്ഥനായ അബ്ദുകുട്ടി. ഈ രണ്ടു കഥാപാത്രങ്ങളും നമ്മുടെ ജിവിതത്തോട്ട വളരെയേറെ ഒട്ടിച്ചേർന്നു നില്ക്കുന്നവരാണ്. അവരെ നമുക്കു പെട്ടെന്നൊന്നും മറക്കാൻ കഴിയുകയില്ല.

ഫിറോസിന്നു ഈ നാടകത്തിലൂടെ പലതും നമ്മോട് പറയുവാനുണ്ട് ചില കടുത്ത യാഥാർത്ഥ്യങ്ങൾ അദ്ദേഹം നമുക്കു ഈ നാടകത്തിലൂടെ തുറന്നു കാട്ടിത്തരുന്നുമുണ്ട്. നമ്മെ ഞെട്ടിപ്പിക്കുകയും, നമ്മുടെ ചിന്തയ്ക്കു തീ കൊളുത്തുകയും ചെയ്യുന്ന കടുത്ത യാഥാർത്ഥ്യങ്ങൾ.

ഇസ്‌ലാമിന്നു മദ്യപാനം നിഷിദ്ധമാണ്. ഒരു നല്ല കാര്യം. അഹമ്മതു മുതലാളി മദ്യപാനിയാണൊ അല്ലെന്നാണ് നാട്ടുകാരുടെയൊക്കെ വിശ്വാസം. എന്നാൽ ചിലതൊക്കെ അദ്ദേഹം കഴിക്കാറുണ്ട്. നല്ലവണ്ണം "ശോരബെക്കണെ വൈൻ" തുടങ്ങി പലതും. അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ അതു മദ്യമല്ല "ഇൻഗരീസുമരുന്നാ''ണ്.

അതുപോലെതന്നെ ഇസ്‌ലാമിന്നു പലിശ വാങ്ങുന്നതും കൊ

ടുക്കുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു അതുമൊരു നല്ല കാര്യമാണെന്നു വെച്ചോളൂ.

അഹമ്മതുമുതലാളി പലിശ വാങ്ങുന്നുണ്ടോ? കൊടുക്കുന്നുണ്ടോ? ഇല്ലെന്നാണദ്ദേഹത്തിന്റെ വിശ്വാസം. എന്നാൽ........ വാങ്ങുന്നില്ലേ?

ഇസ്‌ലാം കല്പിച്ചിട്ടുണ്ട്; ഉള്ളവൻ ഇല്ലാത്തവന്നു ഉപകാരം ചെയ്യണം. അഹമ്മതുമുതലാളി അതക്ഷരംപ്രതി അനുസരിക്കുന്നുണ്ട്; അദ്ദേഹം ഇല്ലാത്തവൎക്ക വേണ്ട ഉപകാരങ്ങളൊക്കെ ചെയ്യുന്നു. ഭൂമിയോ മറേറാ ഈടുമേടിച്ചിട്ടാണെങ്കിൽക്കൂടി അദ്ദേഹം പലൎക്കും പണം കടംകൊടുക്കുന്നുണ്ട്. അവരതു മടക്കിക്കൊടുക്കുമ്പോഴം ആ ഉപകാരസ്മരണക്കായി അവർ അഹമ്മതുമുതലാളിക്കു വല്ലതും കൊടുക്കുന്നു. അദ്ദേഹം ചോദിക്കുന്നതുപോലെ അതിനെ "പലിശ" എന്നു പറയാമൊ? അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അതിനെ "പ്രസണ്ട്" എന്നു പറയണം.

അങ്ങനെ മദ്യപിക്കാത്ത പലിശ വാങ്ങാത്ത നല്ലവനായ(?) ഒരാളാണ് അഹമ്മതുമുതലാളി. അയാളുടെ താളത്തിനൊത്തു തുള്ളുന്ന കാര്യസ്ഥനാണ് അബ്ദുക്കുട്ടി.

നാളുകറം കുറെയങ്ങു് കടന്നുപോയി. അപ്പോഴാണ് അഹമ്മതു മുതലാളിക്കു തോന്നിത്തുടങ്ങിയതു്; താൻ ചെയ്യരുതാത്ത പലതും ചെയ്തിട്ടുണ്ടെന്നു്. വിലക്കപ്പെട്ട പല പഴങ്ങളും താൻ തിന്നിട്ടുണ്ടെന്നു്. അതോടെ അദ്ദേഹത്തിന്നു പശ്ചാത്താപമായിത്തുടങ്ങി. താൻ "ജഹന്നം"മെന്ന കൊടുമയാക്കപ്പെട്ട നരകത്തിന്റെ "അഹ്‌ല്"കാരനാണെന്നു്. "ജന്നത്തുൽഫിർദൌസ്" എന്ന സ്വൎഗ്ഗത്തിലേക്കുള്ള കവാടം തന്റെ മുന്നിൽ അടഞ്ഞുകിടക്കുന്നതുപോലെ അദ്ദേഹത്തിന്നു തോന്നി.

അഹമ്മതുമുതലാളി ഞെട്ടിവിറച്ചു. ഈ നരകത്തീയിൽനിന്നും രക്ഷപ്രാപിക്കാനുള്ള വഴിയെന്താണ്?

അതാ, ഒരു കുറുക്കുവഴി തെളിഞ്ഞുകിടക്കുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള ഒരെളുപ്പവഴി.

ഹജ്ജ് എന്ന തീർത്ഥയാത്ര പോവുക. "ഹജ്‌റുൽ അസ്‌വദ്" എന്ന കല്ലിന്മേൽ തൊട്ടുമൊത്തിയാൽ താൻചെയ്ത സകല പാപങ്ങളും മററും അതോടെ അവസാനിക്കും. അപ്പോൾ പിറന്ന പൈതലിനെപ്പോലെ താൻ ഒരു പാപവും ചെയ്യാത്തവനായി തീരും. തനിയ്ക്കു നിഷ്പ്രയാസം സ്വർഗ്ഗത്തിലേയ്ക്കു കടന്നുചെല്ലാം.

അങ്ങനെയുള്ള വിശ്വാസത്തോടെ അഹമ്മദുമുതലാളി ഹജ്ജിന്നു പോകാൻ തീരുമാനിച്ചു.

ഇതാണ് ഈ ലഘുനാടകത്തിലെ കഥാവസ്തു. പുതുമയുള്ള ഒരൊന്നാംതരം കഥ. വേണ്ടതുപോലെ അതു കൈകാര്യം ചെയ്യാനും ഫിറോസ് ശ്രമിച്ചിട്ടുണ്ട്.

തെററുകളും കുററങ്ങളും കണ്ടേയ്ക്കാം. പക്ഷെ അതൊക്കെ ക്ഷന്തവ്യമാണ്. പ്രഥമകൃതി എന്ന നിലയിൽ അതൊക്കെ പൊറുത്തുകൊടുക്കാവുന്നതേയുള്ളു.

തന്നെയുമല്ല, ഈ ലഘുനാടകം ഒരു വിജയമാണെന്നാണെൻെറ പക്ഷം. പ്രത്യേകിച്ചും പ്രഥമകൃതി എന്ന നിലയിലൂടെ നോക്കുമ്പോൾ വമ്പിച്ച വിജയം എന്നുതന്നെ പറയാൻ തോന്നിപ്പോകുന്നു.

ഫിറോസിനോടു ഒരു കാര്യം എനിയ്ക്കു പറയാതെ നിവൃത്തിയില്ല. അതു മറെറാന്നുമല്ല. ആവശ്യമില്ലാത്ത കഥാപാത്രങ്ങളെ രംഗത്തേയ്ക്കു വലിച്ചിഴച്ചുകൊണ്ടുവരരുത്. ഉദാഹരണമായി ഇതിലെ 'ആസ്യ' ആവശ്യമില്ലാത്ത ഒരു കഥാപാത്രമാണ്.

അവളെക്കൊണ്ടു എന്തെങ്കിലും കാര്യങ്ങൾ നാടകകൃത്തിന്നു

നേടാനുണ്ടായിരുന്നെങ്കിൽ അതു രംഗത്തേക്കു കൊണ്ടുവന്നിട്ടുതന്നെ വേണോ? സംഭാഷണങ്ങളിലൂടെ അതൊക്കെ നിഷ്പ്രയാസം വെളിപ്പെടുത്താമായിരുന്നല്ലോ?

യുവാവായ ഫിറോസിന്നു ഒരു നല്ല നാടകകൃത്തായി ഉയരാനുള്ള കഴിവ് ഞാനീ ലഘുനാടകത്തിൽ കാണുന്നുണ്ട്. അലസനായിരുന്നു സമയം പാഴാക്കാതെ തുടർന്നു സാഹിത്യസേവനം ചെയ്യാൻ ഞാനദ്ദേഹത്തെ ഉപദേശിക്കുന്നു. അതോടൊപ്പം അദ്ദേഹത്തിൻെറ പ്രഥമകൃതിയായ ഈ ലഘുനാടകത്തെ ഞാൻ സാഹിതീവേദിയിലേക്കു അവതരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

★

## രംഗം 1.

(അഹമ്മതു മുതലാളിയുടെ വീടിൻെറ ഒരു മുറി. മദ്ധ്യവയസ്കനായ മുതലാളി ഒരു കട്ടിലിൽ ചുമരിനോട്ട ചാരി വെച്ചിരിക്കുന്ന തലയിണമേൽ ചാരി ചെരിഞ്ഞിരിക്കുന്നു. കട്ടിലിൻെറ മുൻഭാഗത്തു ഒരു വലിയ മേശ. മേശയുടെ മുകളിൽ ഏതാണ്ടു് അരന്തൂററാണ്ട് പഴക്കമുള്ള ഒരു പണപ്പെട്ടി അടച്ചുപൂട്ടി വെച്ചിട്ടുണ്ടു്. മേശയുടെ തൊട്ടടുത്തു ഏതാണ്ടു രണ്ടടി പൊക്കം വരുന്ന ഒരു കോളാമ്പിയിരിപ്പുണ്ടു്.

കള്ളിത്തുണിയും അരക്കയ്യൻബനിയനുമാണു് വേഷം. ഒരരപ്പട്ടയുമണിഞ്ഞിട്ടുണ്ടു. വലതുകയ്യിൻെറ തണ്ടയിൽ ഒരു ഏലസ്സും അണിഞ്ഞിട്ടുണ്ടു് "സുബ്ഹ്'ഹാനല്ലാ, സുബ്ഹ്'ഹാനല്ല" എന്നുരുവിട്ടു കൊണ്ടിരിക്കുന്നു.

മകൾ നബീസ പ്രവേശിക്കുന്നു യൗവ്വനപ്പൂന്തോപ്പിലേക്കു പദമൂന്നിയെ കാലെടുത്തു വെക്കുന്ന പ്രായം. മഞ്ഞനിറത്തിലുള്ള സിൽക്കിൻെറ ജാക്കററും ഇളംനീല നിറത്തിലുള്ള സിൽക്കിൻെറ പാവാടയുമാണ് അണിഞ്ഞിരിക്കുന്നത്. നിതംബത്തെയും കവിഞ്ഞൊഴുകുന്ന നീലത്തലമുടി രണ്ടുഭാഗമാക്കി മെടഞ്ഞ് ചുവന്ന റിബൺകൊണ്ടു കെട്ടിയിരിക്കുന്നതു കാണാൻ കുറഞ്ഞ അഴകുണ്ട്. ആകർഷണീയതയുള്ള മുഖം കൊഴുത്തു വെളുത്ത ശരീരം: ആകപ്പാടെ അവളൊരു കൊച്ചു സുന്ദരിയാണ്.)

അഹമ്മതു്:- (മകളെ നോക്കി പുഞ്ചിരിച്ചുകൊണ്ടു്) മോളേ ഷ്കോളി പോയോ?

നബീസ:- ഉവ്വ വാപ്പാ. ഞാനിപ്പോ സ്കൂൾ വിട്ടു വന്നതാണ്.

അഹമ്മതു്:- ചോറ് ബെയിച്ചോ? ഏ?

നബീസ:- ചോറു വെയിക്കലും ചായ കുടീം ഒക്കെകഴിഞ്ഞു.

അഹമ്മതു്:- (മകളെ പിടിച്ചു അടുത്തു നിറുത്തി അവളുടെ വയറു് താവിക്കൊണ്ട്) അമ്പടി കള്ളീ, ബയറു ബീർത്തല്ലോ? ഏ? ബീർത്തല്ലോന്നു!

നബീസ:- (തലകുനിച്ചു ലജ്ജയോടെ) ഉം..........

അഹമ്മതു്:- തിരു്ത ബെച്ചദ് കൂട്ടിയോ മോളേ? ബാപ്പ ബല്യ തിരു്ത ബേടിച്ചൂട്ടോണ്ടാർന്നല്ലോ? മൊട്ടയൊള്ള ബല്യ തിരു്ത ഏ, കൂട്ട്യോ?

നബീസ:- ഉം കൂട്ടി. മൊട്ട പൊരിച്ചതും തിന്നു്

അഹമ്മത്:- (മകളുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കുന്നു- എന്തോ ഒരു പന്തിയില്ലായ്മ ആ മുഖത്തു ദൃശ്യമാകുന്നു) അ: മോളെ നബീസാ, നെനക്കെന്താ്ീ മോളെ ബെല്ലാണ്ടൊള്ളൊരു ബെളർപ്പ്? ഏ?

നബീസ:- (ഒന്നും മിണ്ടുന്നില്ല.)

അഹമ്മത്:- (മൂക്കേൽ വിരൽ ചേർത്തു തുറിച്ചുനോക്കികൊണ്ടു) കണ്ണിലും മോഹത്തും ഒരിററ് ചോരയില്ലല്ലോ? ഇതെന്തു കോലം റബ്ബീ?

നബീസ:- (നിശ്ശബ്ദയായി തലകുനിച്ചുകൊണ്ടുതന്നെ നില്ക്കുന്നു.)

അഹമ്മത്:- (ദേഷ്യഭാവം നടിച്ചുകൊണ്ടു) ആ: മൊവ്വിനും പാട്ടിന്നും ബല്ലതുമൊക്കെ തിന്നേങ്കുടിക്കേം ശെയ്യാണ്ടല്ലേ ഇക്കോലായതു്? ഏ?

നബീസ:- (ആ കുററപ്പെടുത്തലിൽ ദേഷ്യം ഭാവിക്കാതെ വാപ്പായുടെ മുഖത്തേയ്ക്കു സ്നേഹപൂർവ്വം നോക്കിയ്ക്കൊണ്ടു പുഞ്ചിരിയ്ക്കുന്നു.)

അഹമ്മത്:- (കുറഞ്ഞ സമയം എന്തോ ആലോചിച്ചുകൊണ്ടു കുമ്പിട്ട തലയുമായി ഇരിയ്ക്കുന്നു അവസാനം പെട്ടെന്നു മുഖമുയർത്തി മകളെ നോക്കികൊണ്ടു) നിയ്യ് ഇന്നാളു് ബാപ്പ ബേടിച്ചോണ്ടുബന്ന അരിഷ്ട്ടം കുടിച്ചോ മോളേ?

നബീസ:- ഉവ്വ ബാപ്പ. അതിന്നലെ തീർന്നു്.

അഹമ്മത്:- എന്നാലേയ് ...... (എന്തോ ആലോചിച്ചു വലതുകൈകൊണ്ടു താടി പിടിച്ചു വലിക്കുന്നു. ക

റച്ചു കഴിഞ്ഞു ) നാളെ ബാപ്പാ ബേറൊരു് മരു്ന്നു് ബേടിച്ചു തരം.

നബീസ:- (ഒന്നും മിണ്ടുന്നില്ല.)

അഹമ്മതു്:- (മുമ്പുപറഞ്ഞതിനെ തുടന്നു്) കട്ടം മത്തുരൊള്ള ഒരു മരു്ന്നു്. അതങ്ങട് കുടിച്ചാലു് മോള മൊഹത്തുന്നു് ഒരു ബെടിക്ക് എടങ്ങഴി ചോരയെട്ടക്കം. പടച്ചോൻറതൌഫീക്കൊണ്ടായിട്ട് ഈ ബെളപ്പ്ോക്കെ കാററത്ത പഞ്ഞിപോലെ പമ്പകടക്കും. അങ്ങനത്ത അസ്സലൊന്നാന്തരം മരു്ന്നാ.

നബീസ:- (വെറുപ്പിൻെറ കരിനിഴൽ മുഖത്തെങ്ങും വ്യാപിക്കുന്നു.) എന്തു മരു്ന്നാ? ഇന്നാളത്തെ ആസവാണെങ്കി എനിക്കു വേണ്ട. (ഓക്കാനം വരുന്നതുപോലെ കാണിക്കുന്നു ) അതു കച്ചിട്ട് ഒട്ടുകുടിച്ചു. ടാ വാപ്പാ.

അഹമ്മതു്:- അതല്ലടി ഇതു്. ഇതൊരിൻഗരീസു മരു്ന്നാ. മത്തുരോള്ളതു്.

നബീസ:- (ഉമിനീരു നുണഞ്ഞിറക്കുന്നു.)

അഹമ്മതു്:- (മുമ്പുപറഞ്ഞതിനെ തുടന്നു്.) ചോര ബെക്കണതു്. ബല്യ ബെല പിടിച്ചതു്. നെൻറുമ്മ ഇന്നാള് മൊയ്തുന പെററപ്പ കുടിച്ച ആ മരുന്നേയ്.

നബീസ:- ആ ബല്യ കുപ്പീല് കൊണ്ടോന്ന മരുന്നു്, ല്ലേ വാപ്പാ? ഹായ് (ഉമിനീരു നുണഞ്ഞു നുണഞ്ഞു ഇറക്കുന്നു ) എന്തൊരു മധുരോണതിന്നു? അതാ

ണ്ണങ്കി ഞാനൊററ വലിയ്യ മുഴുവനും കുടിച്ച കളയും ഹായ് എന്തു മധുരം? (വീണ്ടും നുണഞ്ഞിറക്കുന്നു. വാപ്പായുടെ മുഖത്തേക്ക ഉൽക്കണ്ഠാപൂർവ്വം നോക്കി കൊണ്ടു) അതിൻെറ പേരെന്താ ബാപ്പാ?

അഹമ്മത്:- അയിൻെറ പേര്........(ഇടയ്ക്ക നിറുത്തുന്നു നാലുവശവും പരുങ്ങലോടെ നോക്കുന്നു. ആരും വരുന്നില്ലെന്നു ബോദ്ധ്യം വന്നതോടെ മകളുടെ മുഖത്തേക്ക നോക്കിക്കൊണ്ടു) അയ്ൻറ് പേരു ഞാമ്പറഞ്ഞാ നിയ്യതാരോടും പയേരുത്. ഏ?

നബീസ:- (വാപ്പായുടെ മുഖത്തേക്ക സംശയപൂർവ്വം നോക്കുന്നു ) എന്താ പറഞ്ഞാല്?

അഹമ്മത്:- പറയണ്ടാന്ന് പറഞ്ഞാല്.......... (ദേഷ്യത്തോടെ മകളെ നോക്കുന്നു.) അതു കേട്ടാപ്പ്ലോരെ നെനക്ക? ഏ?

നബീസ:- (നിമിഷനേരത്തേക്ക പേടിച്ച നിൽക്കുന്നു.) പറയൂല ബാപ്പാ. എന്തു'ന്നാ അയ്ൻറ പേര്?

അഹമ്മത്:- പറയരുത് ഏ?

നബീസ:- ("ഇല്ല" എന്ന ഭാവത്തിൽ തലകൊണ്ടു ആഗ്യം കാണിയ്ക്കുന്നു )

അഹമ്മത്:- നാലേ മോളേ, ബൈൻ. (ആരെങ്കിലും കേട്ടോ എന്നറിയാനായി നാലുപാടും കണ്ണോടിയ്ക്കുന്നു. ഇല്ലെന്നു ബോദ്ധ്യമായതോടെ ഒന്നു പുഞ്ചിരിച്ചുകൊണ്ടു) മനസ്സിലായോ മോളക്ക്? ഏ?

നബീസ:- (നാലഞ്ചു നിമിഷനേരത്തേക്കു സംശയഭാവത്തോടെ നിൽക്കുന്നു. അവസാനം എന്തോ നിശ്ചയിച്ചുറച്ച മട്ടിൽ വാപ്പായുടെ മുഖത്തേക്കു നോക്കുന്നു ) ബൈന്ന്നു ബെച്ചാല്...... അതെന്തുട്ടാ വാപ്പാ? ഏ? അതെന്തുട്ടാ? ഇംഗ്ലീഷാ?

അഹമ്മത്:- (കുറഞ്ഞ പരുങ്ങലോടെ) ആ. ഇംൻഗരീസ്......ന്നു ബെച്ചാല് ശോരബെകണെ ആസവമാണ്. (അല്പസമയം ചിന്താധീനനായിരുന്ന ശേഷം) നാല് മോളതധികം കയിക്കരുത്

നബീസ:- (സംശയത്തിൻെറ മേഘപാളികൾ മുഖത്തെങ്ങും പരക്കുന്നു ) കഴിച്ചാലെന്തേ ബാപ്പാ?

അഹമ്മത്:- അതതികം കയ്ച്ചാല് തലചുററും. ബലിയ ബെശമാവും. കടുപ്പം കൂടിയ മരുന്നാ. അദോണ്ട പറഞ്ഞെ ആതതികം കുടിക്കണ്ടാന്ന്. ഏ? ഇഞ്ഞത്തു ബേടിച്ചിട്ടു കാണ.

നബീസ:- (നിശ്ശബ്ദയായി വാപ്പയെ തറച്ചുനോക്കിക്കൊണ്ടു നില്ക്കുന്നു )

അഹമ്മത്: (എന്തോ ഓർത്തുകൊണ്ടു.) അപ്പ നീ ഷ്ക്കോളില് നല്ലോണം പടിക്കണ്ണ്ടാ? ഇന്നെന്താ പാടം ചൊല്ലിച്ചി? രണ്ടുമൂന്നു പാടം ചൊല്ലിച്ചാ?

നബീസ:- (വാപ്പായുടെ ചോദ്യം കേട്ടപ്പോൾ അവൾക്കു ചിരി വന്നുപോയി. എത്രതന്നെ അടക്കാൻ ശ്രമിച്ചിട്ടും അടങ്ങുന്നില്ല കുപ്പിവളകൾ കിലുങ്ങുംപോലെ അവൾ പൊപ്പൊട്ടിച്ചിരിച്ചുപോയി.)

അഹമ്മത്:-(മകളുടെ ചിരി കണ്ടതോടെ കാര്യമറിയാതെ വല്ലാതെ വിഷമിച്ചുപോയി. അമ്പരപ്പോടെ മകളെ തുറിച്ചു നോക്കുന്നു.) ന്തേ നീ ശിരിക്കണെ?

നബീസ:- (ആവുന്നത്ര ചിരി അടക്കി നിറുത്താൻ ശ്രമിച്ചുകൊണ്ടു) ഓത്തുപള്ളിയിലെ പോലെയല്ല ബാപ്പ ഇസ്കൂൾ.

അഹമ്മത്_പിന്നെങ്ങനേണ് മോളെ?

നബീസ:- ഒരു ദിവസം ഞങ്ങക്കെല്ലാക്കുംകൂടി ഒരു ലെസ നെട്ടക്കും.

അഹമ്മത്:- ലെസനോ? (സംശയപൂർവ്വം മകളെ നോക്കുന്നു) അതെന്തു കുണ്ടാമിണ്ടിയാ മോളെ?

നബീസ:- ലെസനെന്നുവെച്ചാ പാഠം എന്നാ വാപ്പാ. (ചിരി വരുന്നുണ്ടെങ്കിലും അതു അടക്കിയൊതുക്കി നിറുത്താൻ ശ്രമിക്കുന്നു.) ഇപ്പോ ഞങ്ങക്കു ലെസൻ പന്ത്രണ്ടാണ്.

അഹമ്മത്:- (അത്ഭുതത്തോടെ മകളെ നോക്കുന്നു) അപ്പ നിയ്ക്കി പാടം പന്ത്രണ്ടായി. ഏ! (മുഖത്തു ആനന്ദത്തിൻെറ കുഞ്ഞലകൾ ഓളം തല്ലുന്നു) ൻെറ മോള് പടിച്ചു പടിച്ചു ബുമ്പത്തിയാകണം. ന്നട്ടു ഞാനെൻെറ മോള നല്ലൊരുത്തനു കെട്ടിക്കും.

നബീസ:- (നാണത്താൽ മുഖം കുനിച്ചു നിശ്ശബ്ദയായി നില്ക്കുന്നു)

അഹമ്മത്'- (മുമ്പു പറഞ്ഞതിനെ തുടൎന്ന്) ബല്യ മൊതലൊള്ളൊരുത്തന്.

നബീസ:- (കുഴഞ്ഞാടിക്കൊണ്ടു) പോ ബാപ്പാ.

അഹമ്മതു :- (അതു കേ൦ക്കാത്ത ഭാവത്തിൽ മുമ്പു പറഞ്ഞതിനെത്തുടൎന്നുകൊണ്ടുതന്നെ) അയാക്ക് കാറൊണ്ടാവും, റേഡിയോണ്ടാവും പിന്നെന്തൊക്കെ? (മകളുടെ മുഖത്തേയ്ക്കു ഒളിക്കണ്ണാലെ നോക്കുന്നു) എന്ത് പരമ കൊഷ്യാരിക്കും ൻറ മോക്കു ബരാമ്പോണെ? എ്യ?

നബീസ:- (നാണത്താൽ അവളുടെ മുഖം പൂൎവ്വാധികം കുനിയുന്നു. ഒന്നും പറയുന്നില്ല)

അഹമ്മതു്:— (മകളുടെ താടിയിൽ പിടിച്ചു മുഖമുയൎത്തുന്നു.) ന്തേ മോളേ? എ്യ! (ചിരിച്ചുകൊണ്ടു മകളുടെ കവിളിൽ നുള്ളുന്നു.) മോളൊറങ്ങാമ്പൊക്കൊ. ബാപ്പനിക്കരിച്ചട്ടബേക്കമ്പാരം. ഒറക്കം കളയണ്ട.

നബീസ:- (പോകാൻ ഭാവിച്ച അവ൦ പെട്ടെന്നു തിരിഞ്ഞു നിൽക്കുന്നു ആരെയും അത്ഭുതപ്പെടുത്തുമാറു് അവ൦ കണ്ണുക൦ തിരുമ്മിയുടച്ചുകൊണ്ടു തേങ്ങിതേങ്ങിക്കരയാൻ ഭാവിയ്ക്കുന്നു)

അഹമ്മതു്:- (മകളുടെ പെട്ടെന്നുള്ള ഭാവവ്യത്യാസം അദ്ദേഹത്തെ അമ്പരപ്പിക്കുന്നു വേവലാതിയോടെ) ന്തേ മോളെ, ന്തേ നി കരേണ്? 

നബീസ:- (കരച്ചിൽ നിറുത്താതെ) ബാപ്പാ........

അഹമ്മതു്:- ന്തേ, ന്തേ നി കരേണന്നു് പറ.

നബീസ:- ഞാൻ നാളെ മൊതലു സ്കൂളിൽ പോണില്ല. (തുടൎന്നു കരച്ചുകൂടെ ഉച്ചത്തിൽ കരയുന്നു)

അഹമ്മത്;- ഏ? അതെന്താ? അതെന്താ മോളെ നി
പോണില്ലാന്നു പറഞ്ഞെ? കെടന്നൊറങ്ങണേനാ
ണോ?

നബീസ: _ (ഒന്നും മിണ്ടാതെ നിന്നുകരയുന്നു )

അഹമ്മത്;— മോക്കപാവാടയില്ലെ? തട്ടോല്ലെ? (മകളെ
പിടിച്ചു മാറോടണച്ചു നിറുത്തുന്നു.) പറ എന്താ
മോക്കില്ലാത്തേന്ന് പറ. ബാപ്പ കേക്കട്ടെ.

നബീസ:— (ഒന്നും മിണ്ടാതെനിന്നു കരയുന്നു.)

അഹമ്മദ്:— ബാപ്പാന ദേശ്യം പിടിപ്പിക്കല്ലെ. മോളേ
നബീസാ നെന്നോടാ ചോയിക്കണത്. ബേക
മ്പറ. എന്താ നെനക്ക്?

നബീസ:— (തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ട്) ഒന്നൂല്ല.
ഞാമ്പോവൂല.

അഹമ്മദ് — (കോപം പൂണ്ടു വിറച്ചുകൊണ്ട്) ഏ! പെണ്ണ്
തലേ കേറ്വേലോ ......നീ പോവൂലെ.......നെൻെറ
ശൈത്താന ഞാൻ പാഞ്ഞയക്കോല.......(വെളി
യിലേയ്ക്കു ദൃഷ്ടികൾ പായിച്ചുകൊണ്ടു ഉച്ചത്തിൽ) ടാ,
അബ്ദുക്കുട്ടീ......ടാ, അബ്ദുക്കുട്ടീ............ (ആരും
വിളി കേൾക്കുന്നില്ല മുമ്പിലത്തേതിനേക്കാൾ കു
റച്ചുകൂടെ ഉറക്കെ) ടാ അബ്ദുക്കുട്ടീ ......അബ്ദുക്കുട്ടീ
.......(അപ്പോഴും നീണ്ടുനീണ്ട നിശ്ശബ്ദത മാത്രമാ
യിരുന്നു അതിൻെറ മറുപടി.)

അഹമ്മത്:- (ദേഷ്യപ്പെട്ട വിറച്ചുകൊണ്ടു) ഒരു് പന്നി ഹറാസറന്നോരേം ബിളിക്കണെ നേരത്തു കാര്യല. ഒരു് പന്നിഹറാമ്പറന്നോരേം.

നബീസ:- (വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു) പിന്നെ എന്നെ കളിയാക്ക്യാല് ഞാനെങ്ങനെ പോകാനാ? (കരഞ്ഞുകൊണ്ടു അകത്തേക്കു പോകാൻ ഭാവിക്കുന്നു)

അഹമ്മത്:— (നബീസയുടെ കയ്യു പിടിച്ചു അവളെ അവിടെ നിറുത്തുന്നു) എന്തു കളിയാക്കുന്നു്. ഞാൻ പറഞ്ഞതോ? അതാണു്? ഏ? (നബീസയെ തന്റെ അരുകിലേക്കു അടുപ്പിച്ചു നിറുത്തി ചിരിച്ചുകൊണ്ട്) മോളു്ക്ക് ഇഷ്ടല്ലങ്കി ബാപ്പചെയ്യോ മോളേ നബീസ. ബാപ്പ ഒരു് തമാഷ പറഞ്ഞതല്ലേ? അതിനു കരയെ? മോഷം. നല്ല കുട്ട്യോള് കരയോടി നബീസക്കുട്ടി.

നബീസ:— കണ്ണുനീർ തുടച്ചു മുഖമുയർത്തി വാപ്പായുടെ മുഖത്തേക്കു നോക്കുന്നു.) അതൊന്നുമല്ല വാപ്പ.

അഹമ്മത്:- (ഉൽകണ്ഠാപൂർവ്വം മകളെത്തന്നെ നോക്കി ഇരിക്കുന്നു.) പിന്നെ എന്താണു്?

നബീസ:— (ഒന്നും മിണ്ടാതെ നില്ക്കുന്നു)

അഹമ്മത്:— (മുഖം കറുപ്പിച്ചുകൊണ്ടു) പിന്നെ എന്തു ബായക്കയൊണു്? ബേകമ്പറ. ബാപ്പാക്ക് ദേശ്യം കേറേ്. ആ:

നബീസ:— (സ്വരം താഴ്ത്തി വളരെ പതുക്കെ.) ഞങ്ങടെ സ്കൂളില്‍ പഠിക്കണ ആ ഐദ്രൂ എന്റെ ഇക്കേണന്നു്.

അഹമ്മത്തു്:— (ഞെട്ടിപോകുന്നു )

നബീസ:— (മുമ്പുപറഞ്ഞതിനെ തുടന്നുകൊണ്ടു) ആ സൂറേം വിജയോം പത്മാവതീം സിനിലിമൊക്കെ പറഞ്ഞു് ന്ന കളിയാക്കണ്ണ്.

അഹമ്മത്തു്:— (എന്തോ ഓൎത്തു ഭയന്നിട്ടെന്നപോലെ നിശ്ശബ്ദനായി മകളുടെ മുഖത്തേക്കു പകച്ചുനോക്കി ഇരിക്കുന്നു.)

നബീസ:— ഇന്നലെ സ്കൂറം വിട്ടപ്പ എല്ലാം കുട്ട്യോളും കൂടി പറയണു. അവന്റെ കുപ്പായം കണ്ടില്ലെ, കീറി ചെളിനിറഞ്ഞിരിക്കണെതു്. കാലുമ്മ ചൊറി പിടിച്ചിരിക്കണെതു്. ആങ്ങള ഇങ്ങനെ നടക്കുമ്പോ പെങ്ങളെന്തിനു, ഇത്തറ പത്രാസിലു് നടക്കണെതു്?

അഹമ്മത്തു്:— (വീണ്ടും ഞെട്ടുന്നു.)

നബീസ:— (മുമ്പുപറഞ്ഞതിനെ തുടന്നുകൊണ്ടുതന്നെ) അവരട ഒക്കെ ആങ്ങളമാരു് ഇങ്ങനെ നടക്കുല്ലാന്നു അതോണ്ടു് ന്റ പാവാടേം ബ്ലൌസുമൊക്കെ മണ്ണാത്തിനോടു കടമ്പേടിച്ചോണ്ടു വരണതാണെന്നു അല്ലങ്കി...... (തുടന്നു പറയാന്‍ കഴിയാതെ വാക്കുകറം തൊണ്ടയില്‍ തടഞ്ഞുപോകുന്നു. അവറം പൊട്ടിപ്പൊട്ടിക്കരയുന്നു.)

അഹമ്മത്:— (അപ്പോഴും ആ പഴയ നിശ്ശബ്ദതയിൽ തന്നെ മുഴുകിയിരിക്കുന്നു.)

നബീസ — (കരച്ചിൽ ഒരുവിധത്തിൽ പണിപ്പെട്ടമർത്തിയ്യോണ്ട്) അല്ലങ്കി രണ്ടാംക്കും നല്ല ഉടുപ്പുണ്ടാവൂല്ലേന്നാണവര് ചോദിക്കണത്. അതും കൂടാണ്ടു എന്റെ ഇനീഷ്യല് കെ. എന്നാ, അവൻറതും അങ്ങനെത്തന്നേന്നും പറഞ്ഞാ അവര് കളിയാക്കണത്. (നിമിഷനേരത്തേക്കു നിശ്ശബ്ദയായി നിൽനുക്കു. അവസാനം എന്തോ നിശ്ചയിച്ചുറച്ചിട്ടെന്നപോലെ) ഞാനിനി സ്കൂളിൽ പോണില്ല ബാപ്പാ. മയ്യത്തായാലും പോവൂല.

അഹമ്മത്:— (പ്രപഞ്ചം മുഴുവൻ നടുങ്ങുമാറുച്ചത്തിൽ) നബീസാ.......(മുഖം ദേഷ്യത്താൽ ചുവന്നു തുടുക്കുന്നു.) നീ സ്കൂളി പൊയ്യോ, നെന്ന അങ്ങനെ കളിയാക്കണോരൊക്കെ ഞാൻ നോക്കിക്കോളു. ആരാണടീ ഈ സൂദ്രം കൂട്ടം?

നബീസ:— ആ ബീരാൻ കാക്കടെ മോളാ. അവളല്ല അധികം പറഞ്ഞത്. ആ പത്മാവതിയാ.

അഹമ്മത്:—ഏതാടീ ഈ പരപാവതി? ഏ? ഏ ഓടി അവള്

നബീസ — അധികാരീടെ മോളാ. അവളും ഇന്നലെ മാത്രേ പറഞ്ഞൊള്ളൂ. പിന്നെ ആ അങ്ങാടീടവ്ടുന്നു വരണ ആൺകുട്ടികളാ അധികം കളിയാക്കണത്,

അഹമ്മത്:— (മേൽപ്പോട്ടു ദൃഷ്ടികളുയർത്തി) കിയാമ ത്തിൻെറ കാലത്തു എബടന്നു പിറന്നള്ളാ ഈ ഹാ റാമ്പറന്നോരു്? (മകളുടെ നേരെ നോക്കി) ന്നട്ട് മാഷ്ടരോടു പറയാർന്നോടീ. ഏ? അവൻ ആ പൊററകളുടെ പെബിട് പൊളിക്കട്ടേർന്നല്ലോ? നാളെ പറഞ്ഞേക്ക്.

നബീസ:- ആരോടാ വാപ്പാ?

അഹമ്മത്:_ ആ നായിൻെറ മക്കളോടു പറഞ്ഞേക്ക്. അ ല്ലങ്കി വേണ്ട ആ കാത്ര്ന ഇപ്പത്തന്നു ബിളി പ്പിച്ചേക്ക. (എണീററു അങ്ങോട്ടുമിങ്ങോട്ടും നടക്ക ന്നു. പെട്ടന്നു മകളുടെ നേരെ തിരിഞ്ഞു) ഉം, നീ പോയി കെടാന്നാടീ പെണ്ണേ, ഉം, പൊക്കോ.

നബീസ:_ (കുമ്പിട്ട തലയുമായി നടന്നു മറയുന്നു.)

അഹമ്മത്— (അണിയറയിലേക്ക നോക്കി) അബ്ദുക്ക ട്ട്യേ അബ്ദുക്കട്ട്യേ. ടാ പഹയാ ഈ ശുന്ന്യം കെ ട്ടോൻ. അന്തിമോന്തിയായിട്ടില്ല. അപ്പളത്തിനും ഒട്ടക്കത്തെ കെടപ്പു തൊടങ്ങി. ടാ ഹറാമീ

അബ്ദുക്കട്ടി:_ (ഓടികിതച്ചുകൊണ്ട പ്രവേശിക്കുന്നു മു പ്പത്തഞ്ചോടടുത്ത പ്രായം. മുട്ടൻതല ഹാഫ് ഷ ർട്ടും മേൽമുണ്ടുമാണു വേഷം മുതലാളിയുടെ കാര്യ സ്ഥൻ. വന്നപാടെ കിതച്ചുകൊണ്ടു) എന്താ ഇ ക്കാക്കാ?

അഹമ്മത്:- (ദേഷ്യഭാവത്തിൽ കൈകുടഞ്ഞുകൊണ്ടു) നെൻെറ തല. എബടേർന്നടാ ഹറാമീ? ആരിക്കടെതലേലാർന്നടാ? ബെയിക്കാൻ നേരത്തു ബിളിച്ചില്ലെങ്കിലും ഇഞ്ഞട്ട ഓടിവരും ശൈത്താൻ.

അബ്ദു:- (തല തടവുന്നു.) ആ കണക്കെയ്തേന്റ്

അഹമ്മത്:- ആരിക്കടെ കണക്കാടാ

അബ്ദു:- ആ വറുഗീസ് മാപ്ലളടാ. കുടിഷിക കണക്ക്. കുടിഷിക നാനൂറുറുപ്പികേണ്ട് പലിഷ ശേർക്കണോന്ത്രേ?

അഹമ്മത്:- ഹെടാ ബപ്പടച്ചെട്ടി. നെന്നോട്ടുപറേണെലുമ്പേലും ബല്ലിച്ച നാൽക്കാലിക്കും മൊല്ലിക്കൊട്ടുക്കേണ്. ഇപ്പഞ്ഞാമ്മാത്തറൊള്ളദ്നന്നായ് രണ്ടാള് കൂട്ടമ്പ നെൻെറ ഈ പരിഷേം പലിഷേം പറഞ്ഞാല് എന്തോരം മോഷാണ്ടാ ശൈത്താനെ?

അബ്ദു:- (പരുങ്ങലോടെ) ഞാനത് കൂട്ടണ്ടാന്നു ബെച്ചതാ. പിന്നെ ആ നാരായണന്നായര് പറഞ്ഞതാ അദ് കൂട്ടാൻ. ഞാനപ്പയേ പറഞ്ഞി കൂട്ടണ്ടാന്ന്. കാഫ്രീങ്ങള്ക്കറിയോ അദ് ഞമ്മ ബാങ്ങല്ലേന്ന്. അപ്പളയാള് പറയേണ് നൂറൊറാന്നു ചിങ്ങം മൊതലു ഇക്കക്ക അദ് ബേടിച്ചട്ടോള്ള കണക്ക എന്തോരം ബേണങ്കിലും കാണിച്ചു തരാന്ന്.

അഹമ്മത്:- ഹെടാ മുസീബത്തെ എന്തൂട്ടടാ ഈ അദും ഇദും ഏ? എന്തൂട്ടാ? ബായക്ക പൊരിച്ചതാ? അ

യിലത്തല ശ്രുട്ടദോ? എന്നുട്ടാ?, ഉം പറ. കന്നില നീ കളരിക്ക പൊറത്ത് അല്ലങ്കി കുരുപ്പിന്റെ നെഞ്ചത്ത്.

അബ്ദു:- (പരുങ്ങലോടെ) പലി... ഷ.

അഹമ്മത്:- (ഉച്ചത്തിൽ) നെന്നോടല്ലടാ അങ്ങനെ പറേരുന്ന് പറഞ്ഞത്? എട പോത്തേ! നെന്റെ തലേല് മുത്തൻ കളിമണ്ണാ! (കൈകൊണ്ടു ആഗ്യം കാണിക്കുന്നു) കന്നാലിമാതിരി ഉമ്മിണിതിന്നാ മതിയെടാ ഏ? നന്നൊരു നടപ്പ്!

അബ്ദു:- (സംശയത്തോടെ) പിന്നെ........എന്തന്നാ ഇക്കാ അയിന പറേണ്ടത്?

അഹമ്മത്:- ഓ പടിച്ചോ സൊല്ലറാമീ... പടിച്ചോ ആദായന്ന് പറയണം. ഏ.... ആദായംന്ന്. ചെകിടു തൊറന്നു കേക്ക്.

അബ്ദു:- ആ

അഹമ്മത്:—കണക്കിലൊക്കെ കുടിഷീക എന്നെയ്തിട്ടു അതിന്നു കീഴെ മാസത്ത്ക്ക് നൂറുറുപ്പികക്ക ആദായം ഇത്ര ഉറുപ്പ്യ എന്നെയ്തണം, ഏ ......പടിച്ചോ?

അബ്ദു:—ആ........

അഹമ്മത്:- പിന്നെ ഇബടകായി കടത്തിന്നു ബരണോരോടു നീ പറഞ്ഞേരു്; നൂറുറുപ്യേക്ക അഞ്ചുറുപ്യ ആദായം കൊടുക്കാന്നു പറഞ്ഞാലെ ഉറുപ്യ കിട്ടൊള്ളുന്ന്, ഏ?

അബ്ദു:— ആ ഇക്കക്ക.

അഹമ്മത്:— അവരിക്കടെ ഇസ്റ്റത്തിന്ന തരണത്തു എന്തു ട്ടാടാ അബ്ദുക്കട്ടി?

അബ്ദു: ആദായം ഇക്കക്ക.

അഹമ്മത്:- അപ്പ ഞാനവരോട്ട ആദായം ശോദിച്ചോ?

അബ്ദു:- ഇല്ലിക്കക്ക.

അഹമ്മത്:- അപ്പ അവരു തനതിസ്റ്റത്തിന്നു തരണപ്ര സണ്ടു ഞാമ്പേടിക്കണേന്നു്. ഏതു പട്ടിയടാ പലി ഷാന്നു പറയാ?

അബ്ദു:- ഒരു മഹല്ലൂക്കം പറയൂലിക്കക്കാ.

അഹമ്മത്:- ഇദാണടാ ഈ പൂത്തീന്നു പറേണത്ത് ഏ?

അബ്ദു:- ആ ഇക്കക്ക.

അഹമ്മത്:- അപ്പ നമ്മക്ക് പടച്ചോൻേറന്നു ശിശ്ശേണ്ടോ അബ്ദുക്കട്ടി.

അബ്ദു:- ഇല്ലിക്കക്ക.

അഹമ്മത്:- അപ്പ പടച്ചോൻേറന്നു ഞമ്മക്ക ക്കൂലിയാ കിട്ടൃാ ഏ?

അബ്ദു:- അദെ ഇക്കക്ക.

അഹമ്മത്:- കെട്ടി ഇരിക്കണെ പുത്തനും കായും പുസ്തി മോട്ടൊാള്ളോർക്ക കൊടുക്കണം ന്നാ ഇസ്ലാമിൻെറ ബിധി ഏ?

അബ്ദു:- അദ് സരിയാ.

അഹമ്മത്:- അദ് ഞമ്മ എന്തോരം ശെയ്യണ്? അബറു സന്തോശിച്ച ഞമ്മക്ക പ്രസണ്ടും തരണ്. അദ് പലിഷയാവോടാ. നെനക്ക പടിക്കാമ്പേണ്ടിട്ടാ ഇത്തറേം പറഞ്ഞെ ഇപ്പൊ പഠിച്ചൊ.

അബ്ദു:- ഇപ്പ പടിച്ചിക്കക്കെ. (കുറച്ചു സമയം എന്തോ അലോചിച്ചു നിന്നിട്ടു) പലിഷ പലിഷാന്നു പറേണദ് ബേങ്കിലാ ല്ലാണ്ടു പൊരേലൊന്നുമല്ല പലിഷ. ഇന്നാള് അയ്മുട്ടി മൊയിലാറു പറേണെ, നെൻെറ ഇക്കക്കെ ഹാമായ പലിഷ മൊതല് തിന്നും ഇൻഗരിസു കള്ള് കുടിക്കും പിന്നെ ഉമ്മുണി പെണ്ണുങ്ങളെ കെട്ടി തലാക്ക് ചൊല്ലും ന്ന്. എനിക്കങ്ങട്ട് ഒളമ്പ് കേറി. ഞാങ്കൊറേ അങ്ങട്ട് പറഞ്ഞി കൊട്ത്തു

അഹമ്മത്:- (പരിഭ്രമത്തോടെ) പിന്ന എന്തൊക്കെ പറഞ്ഞി? ഏ? പാ.

അബ്ദു:- പിന്ന ഒരു മോൻ്ണ്ട്. തെണ്ടിനടക്കണ്. അവൻെറ ഉമ്മാന മൊയ് ചൊല്ലി ന്നട്ട് അമ്പറു ബലിയ കസ്റ്റത്തിലായി. അവൻ ഷുക്കൊളി പോണദ് കീറിപറിഞ്ഞ തുണിം കുപ്പായോം ഇട്ടിട്ടാ. ഇദൊക്കെ പടച്ചോന് നെരക്കാത്തതാന്നു. ഇങ്ങനാത്താരാ ഇസ്ലാമിന ചീത്താക്കണെദ്ന്ന് പിന്നേം അയാള് കൊറേ പറഞ്ഞി അപ്പ ഞാമ്പറഞ്ഞി; താനെന്താന്നു മുണ്ടാണ്ടിരിയടോ. ൻറ ഇക്കക്കെ

ബിജാരിച്ചാല് തൻെറ പള്ളില് കത്തീബ്ബ് പണി പോവൂന്നു്. അപ്പ അയാള്ള് പറയേണ്ണ, അള്ളന്നക്കൊണ്ടല്ലാണ്ട് ഇയിലും ബലിയ ഇക്കാക്ക ബിശാരിച്ചാലു് അയാക്കാ പണി പോകൂലാന്നു് അയാളാള്ള് ബലിയ മുറിയനാ... ബയള്ള് പറേമ്പം ഇക്കക്കാട പേരു് പറാണ്ട് കൊത്തും കോളുമ്പെച്ച് പെരസംഗിക്കാ. അവനെ ഒന്നു് പിടിപ്പിച്ചി ബിടണം.

അഹമ്മത്ത്:- (കോപത്തോടെ) എന്തു്ന്നാ പറഞ്ഞേ?

അബ്ദു:-അല്ല്യ, അയാളെ ഒന്നു്........

അഹമ്മത്ത്:- നീയൊന്നു മുണ്ടാണ്ടിക്കടൊ ഹമുക്കെ.

അബ്ദു:- ആ ഇക്കക്കാ

അഹമ്മത്ത്:- ന്നാലെ, നിയ്യൊരു് കാരിയം ശെയ്യി

അബ്ദു:- ഓ.... എന്താണാവോ?

അഹമ്മത്ത്:- ഇന്നു് ബൈന്നേരം ആ പള്ളീല കാർന്നോരില്ല്യെ, മമ്മുമൊയില്യാരു്, അയാളോടിങ്ങട്ട് ബരാമ്പറ. ഏ?

അബ്ദു:- ഇപ്പതന്നെ പോയിപറയ. (പോകാൻ ഭാവിയ്ക്കുന്നു.)

അഹമ്മത്ത്:- അബ്ദു കട്ടീ പോകല്ല്യെ നിക്ക്.

അബ്ദു: (ഒന്നും മിണ്ടാതെ നില്ക്കുന്നു.)

അഹമ്മത്: - അപ്പുറത്ത് പോയിട്ട് ആ കുപ്പി എടുത്ത് ദേവസ്സി ബൈജ്യരബ്ബ്ടപോയി രണ്ടൗൺസ് കൊട്ടം ചുക്കാദി എണ്ണ ബേടിച്ചുണ്ട് വാ.

അബ്ദു: - ആ ഇക്കെ. ഇപ്പപോയി ബര.

അഹമ്മത്: (എന്തോ ആലോചിച്ചുകൊണ്ട്) അബ്ദുക്കുട്ടി. നീ പോവ്വല്ലടാ.

അബ്ദു: - (പോവാൻ ഭാവിച്ച അയാൾ അവിടെ തന്നെ നില്ക്കുന്നു.

അഹമ്മത്: - ആ: ബെല്ലിത്തത്താന ഇങ്ങട്ട് വിളിച്ചേ.

അബ്ദു: — (തലയാട്ടിക്കൊണ്ട് അകത്തേക്കു പോകുന്നു)

അഹമ്മത്: — (എന്തോ ആലോചിച്ചുകൊണ്ടു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു കുറച്ചു കഴിഞ്ഞു ഉദ്ദേശം നാല്പതു വയസ്സുള്ള ഒരു സ്ത്രീ പ്രവേശിക്കുന്നു. കാച്ചിത്തുണിയും നീളൻ കയ്യുള്ള വെള്ളകുപ്പായവും. ഈക്കിൽകരയൻകസവു തട്ടവും അണിഞ്ഞിട്ടുണ്ട്. അല്പം മുഷിഞ്ഞ വേഷം. ആഹമ്മതു മുതലാളിയുടെ പ്രഥമ ഭാര്യയാണ് ആമിനകുട്ടി)

ആ: കു: — എന്താ ബിളിച്ചതു? കാലിദിനെ കുളിപ്പിക്കുമ്പളാ അദ്ദംട്ടി ബന്നു ബിളിച്ചത്. ചെക്കൻെറ മേല് അപ്പടി കരപ്പനാ. ബല്ല ബൈജ്യരെമ്പിളിച്ച് കാട്ട്യേങ്കി. ഇന്നലെ ചെക്കനൊറങ്ങീട്ടില്ല

എഹമ്മത്:- അദൊക്കെ ക്ടാക്കള് കൊണ്ടാവണദാം. തൊടണേന്ന് തൊടറണന്ന് വൈജ്യരെ ബിളിക്കാം ൻ ഇവട നോട്ടടിക്കല്ലെ?

ആ: കു:- (പരിഭവസ്വരത്തിൽ) ബേണ്ടാന്ന്. ബിളിക്കണ്ട. സ്റ്റത്ഭങ്കികൊണ്ടന്നാ മതി. (ഗൌരവത്തോടെ) ന്താ ബിളിച്ചെ? ചെക്കൻ കെണററു ബക്കത്താ. ബേകമ്പാ, ന്താണ്?

അഹമ്മത്:— നിയ്യബ്ടൊന്നു നിക്ക് പെണ്ണുങ്ങളെ ഹോ മുള്ളിൻെറ മോളില്, ങന നിന്നാല. ആവൂ; ബല്യെരു പെറമാണിച്ചി.

ആ: കു:- (ദേഷ്യപ്പെട്ടുകൊണ്ടു.) എന്തുട്ടാ ഞാനിത്തറ ബലിയ പെറമാണിത്തരം കാട്ടിയത്. എന്തുട്ടാ? (ആമിനക്കുട്ടി അകത്തേക്കു പോകാൻ ഭാവിയ്ക്കുന്നു. അഹമ്മതു മുതലാളി തടുത്തു നിർത്തുന്നു.)

അഹമ്മതു :— പിന്നെ പറഞ്ഞതു കേട്ടില്ലങ്കിലേ. ഹറാമ്പറപ്പ് എൻെറടുത്തു ശെലവില്ല. കളിച്ചി കളിച്ചി തലേംകേറണ് (മുന്നോട്ടു നടന്ന്) എടീ ബലാലെ ഉവ്വടീ നെന്നെ കെട്ടിട്ട് ഉമ്മുണി തൊലി കിട്ടി, ഉമ്മണി!

ആ: കു:- ഞാമ്പറഞ്ഞോ ന്നെകെട്ടിക്കൊണ്ടുപോരാൻ. നില്ലപാട്. കെട്ടിട്ടു പത്തുപതിനേയ് കൊല്ലായി നാട്ട്പ്പഴാ സൊത്തും മൊതലും അന്നേയിക്കണത്.

ഇനി നിങ്ങ പോയിട്ട് കബറീലൊള്ളോരോട് ചോ
യിക്ക്. അല്ലാണ്ട് ഞാനെന്താ ചെയ്യാ?

അഹമ്മത്:- പിന്നെ ഞണ്ടാതീനം പറഞ്ഞാല, ആ....

ആ: കു:— ന്തേ, പറഞ്ഞാല്.

അഹമ്മത്:— ആയി. കളിച്ചലേ ഞാൻ തൊണ്ണൂറപ്പി
കയങ്ങട്ട് ശെലബാക്കുന്നു്. അത്തറേയൊള്ള എ
ടോ പെമ്പ്രന്നോരെ, പത്തു മക്കടെ ഉമ്മ ആയില്ലെ
നിങ്ങള? നാട്ടം ഈ കുട്ടിക്കളി മാറീട്ടില്ലല്ല. ക
കസ്ററം. ഹൗ കസ്ററം.

ആ: കു:- (ഉച്ചത്തിൽ) ഹോ! പടച്ചോനെ. ബെറുതെ
നിക്കണെ ആളബിളിച്ചി ചീത്ത പറയാ. ബല്ലാ
ത്ത തലബിതി. (നിശ്ശബ്ദയായി എന്തോ ആ
ലോചിച്ചുകൊണ്ടൽപനേരം നില്ക്കുന്നു. അവസാ
നം സ്വരം താഴ്ത്തികൊണ്ടു) ന്ന ബിളിച്ചതെന്താ?
കാരിയം പറ. ഈ പിരാന്തൻ ബർത്താനം കേട്ടു
നിന്നാൽ ബാക്കിള്ളോർക്കും പിരാന്താവും ബല്ലി
ച്ചോം ഒണ്ടോ? പറ.

അഹമ്മത്തു :- അദെ ഹറാമ്പറന്നോളെ നെൻറ ബാപ്പാ
ക്കാന്ന് പിരന്തേ്. അതോണ്ട ആയാള് കുടീയിരി
പ്പ് ബിററട്ട് അജ്ജിനു പോയത്. മനസ്സിലാ
യോ? ആ. അതാപിരാന്ത്

ആ: കു:— ആ....ൻറ ബാപ്പാക്ക് പിരാന്തേർന്നു്. നി
ങ്ങക്കെന്തൂട്ടാ? നിങ്ങളും പോകാമ്പോണ്. ൻറ

ബാപ്പന്റെ മാതിരി. ന്നാലും ൻറ ബാപ്പ ആരിക്കടേം മൊതലും തട്ടിപ്പറിക്കേം പലിസ ബാങ്ങേ ഒന്നും ശെയ്ദട്ടില്ല. അദോണ്ട് ബലിയ കുറോറാം ഇല്ല നിങ്ങളൊക്കെ മദീനത്ത്ു് പോയാലാ അവിടേ കൂടി പുയ്ത്തു പോക. ന്തങ്ങ സാധുക്കളൊണെങ്കിലും നിങ്ങട പണമൊള്ള കെട്ട്യ്യാള മാതിരി കണ്ണീക്കാണാത്ത മൌലവിമരായിട്ടും മററുള്ളോരായിട്ടും മററും കൊഞ്ചനൊന്നും നടക്കുല. ഹൌ്വ ബേല്യാരു് കെട്ട്യ്യാള്. അതല്ലെ പുത്തനും പണോം ഒക്കെ ഒള്ള തറവാടിച്ചി. അയിന യൌവ്വിന് തീത്ത്ു ഞങ്ങളാരും പെയക്കേം മററ്ല്ല.

അഹമ്മതു്:_ (അടക്കാൻ കഴിയാത്ത ദേഷ്യത്തോടെ) ഹറാമ്പറ തേവിടിശ്ശി, നിയ്യെന്തുട്ടടി ആ പറഞ്ഞതു്? എന്തുട്ടടീ തേവടിശ്ശി പറഞ്ഞതു്. (വലതു കൈകൊണ്ടു കരണത്തടിക്കുന്നു)

ആ: കു:- (ഉച്ചത്തിൽ വാവിട്ടു കരയുന്നു.) ഹള്ളോ ന്ന കൊന്നേ. കൊന്നേ. ൻറ റബ്ബേ. ന്ന കൊന്നേ.

അഹമ്മതു്:— വേണ്ടാതീനം പറഞ്ഞാലൊള്ളതാ ഇതു' എല്ലാവരും പടിച്ചോ ഷ്കോളിലെ പാടം മാതിരിക്ക്? എല്ലാവരും പടിച്ചോ. (കെട്ടിയോളുടെ നേരെ തിരിഞ്ഞു ഉച്ചത്തിൽ) മതിയായില്ലേടി നെനക്ക്? ഇല്ലെങ്കി ഇനീംതര. (ചൂണ്ടുവിരൽ നിവത്തിപിടിച്ചുകൊണ്ടു) അറത്തുകളയും പോക്കേ. അ

റുകളയും അഹമ്മതിന്റെ ശീലം ബെ
ടക്കാ. (അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പെട്ടെ
ന്നു ഭാര്യയുടെ നേരെ തിരിഞ്ഞുകൊണ്ടു നില്ക്കുന്നു)
പോടി അപ്പുറത്തു പോ.

(ആമിനക്കുട്ടി തേങ്ങിതേങ്ങി കരഞ്ഞുകൊണ്ടു പോകുന്നു.)

അഹമ്മതു്:— (അണിയറയിലേക്കു നോക്കി) അബ്ദു കു
ട്ടീ ടാ അബ്ദുക്കുട്ടീ

അബ്ദു;— (പ്രവേശിക്കുന്നു) ന്തേ ഇക്കാക്കാ.

അഹമ്മതു്:- നീ പള്ളീബ കാന്നോരോടു ബരാമ്പർ
ഞ്ഞോ? ഏ .. പറഞ്ഞോന്നു?

അബ്ദു: — ഉപ്പ്ക്കാക്കാ പറഞ്ഞി. മോന്തിക്കു ബരും.

അഹമ്മതു്; ന്നാലേ ടാ അബ്ദുകുട്ടീ, അകത്തൊള്ളോ
രോടൊക്കെ പോയിട്ടു പറ; എല്ലാവരും കൂടെ അ
മേം അയിസൂം നെബീസേം ഒക്കത്തിനോടും അലി
അമീതുക്കാടവട സൊഹമില്ലാത്തോടത്തു പേവോ
ൻ. എല്ലാവരും പൊയ്ക്കോട്ടെ. ബേണങ്കി നീയും
പൊയ്ക്കോ

അബ്ദു:— (സംശയഭാവത്തിൽ) അപ്പോ മൊയ്ല്യാരു്
ബരുമ്പം ഇബടെ ആരിക്കും?

അഹമ്മതു്:— അയുന്ന് ആകെയക്കേല പെണ്ണിനോടു്
നിങ്ങപോയിക്കയ്ഞ്ഞട്ടു് ഇബടു് ബരാമ്പറം ഏ?

അബ്ദു:— അപ്പോ കൊട്ടൻചുക്കാതി കാലുമ്മൊ പൊരട്ടി തടവണ്ടെ? അയിന്ന് ആരാ ഇക്കക്കൊ?

അഹമ്മത്:— (ദേഷ്യഭാവത്തിൽ) എടാ ഹമുക്കെ, അയിനാ ആസ്യോട്ട ബരാമ്പറഞ്ഞത്. അവളെ എരട്ടപെററതാ അവളുയിഞ്ഞാ ഉളുക്കും മററും എല്ലാം മാറും. അദോണ്ടാ അവളത്തന്ന ബിക്കിക്കാമ്പറഞ്ഞത്. മനസ്സിലായോ? ഏ?

അബ്ദു:— (ഒന്നും പറയാതെ തലയും കുമ്പിട്ട നില്ക്കുന്നു.)

അഹമ്മത്:— നീ അകത്തുപോയി പറ. ചെല്ല്.

(അബ്ദുക്കുട്ടി സമ്മതഭാവേന തലയാട്ടിയ്ക്കൊണ്ടു പയ്യെ നടന്നു മറയുന്നു )

(കർട്ടൻ )

## രംഗം 2.

(അഹമ്മതു മുതലാളിയുടെ വീടിന്റെ പന്തൽമുറി. സമയം രാത്രി ഏഴുമണി.)

മുതലാളി ഒരു വലിയ ചുരുട്ട കത്തിച്ചുവലിച്ചുകൊണ്ട് ഒരു ചാരുകസേരയിൽ കിടക്കുന്നു. കസാരക്കയ്യുകളിൽ കാലുകൾ ഏററിവെച്ചിട്ടുണ്ട്. വലതുകൈകൊണ്ടു മുട്ടൻ തലതടവുന്നു )

അഹ:- ആസ്യേ ......ടീ ആസ്യേ.......

(ആസ്യ പ്രവേശിക്കുന്നു. 20 വയസ്സു പ്രായം. സുന്ദരമായ മുഖം. നല്ല ആരോഗ്യം.)

(കാച്ചിമുണ്ടും നീളൻകയ്യുള്ള പുള്ളിക്കുപ്പായവും തലയിലൊരു തട്ടവുമാണ് വേഷം.)

അഹ:_ (ആസ്യയെ നോക്കി പുഞ്ചിരിക്കുന്നു.)

ആസ്യ:_ (അതു കാണാത്ത ഭാവത്തിൽ) എന്താ ഇക്കാക്ക ബിളിച്ചേ?

അഹ:_ (കസാരക്കയ്യിൽനിന്നും കാലിറക്കി താഴെ വെച്ചു കൊണ്ട്) ഇങ്ങട്ടടുത്തുബാ പെണ്ണേ. ഒരു നാണം. ഹൌ! ഒരു പുതിപെണ്ണ്.

ആസ്യ:- അപ്പുറത്താരുല്ല. ബല്ല പട്ടിയോ പൂച്ചേ കേറി ഒക്ക നാസാക്കും. ഞാമ്പോട്ടെ.

(അഹമ്മതുമുതലാളി എണീററ് ആസ്യയുടെ കയ്യു പിടിക്കാൻ ശ്രമിക്കുന്നു. അവൾ പിടികൊടുക്കാതെ തിരിഞ്ഞോടാൻ ഭാവിക്കുന്നു. അയാൾ അവളെ തടഞ്ഞു നിർത്തി അവളുടെ ഇടതുകയ്യിൽ ബലമായി പിടിക്കുന്നു.)

അഹ:_ നെയ്യൊരു നാണംകുണുങ്ങിപ്പെണ്ണ്. ഉം, ആ ചിരി കണ്ടോ?

(ആസ്യ നാണംപൂണ്ടു തലകുനിച്ചു നില്ക്കുന്നു.)

അഹ:_ ടി പെണ്ണേ. നിയ്യെന്തിനാ ഞമ്മള അന്നിയൻ മാതിരി കണക്കാക്കണെ? (ആസ്യായുടെ കൈപിടിച്ചു വലിച്ചുകൊണ്ടു കസാരയിൽ ചെന്നിരിക്കുന്നു) അപ്പ ഞമ്മ ചെയ്ത നന്മകളൊക്കെ നീ മറക്കോ ആസ്യാ?

ആസ്യ:- ഇല്ലിക്കാക്ക

അഹ:_ നിങ്ങക്ക ഞമ്മ പെരേം കുടീം കെട്ടിത്തന്ന അയി ലു താമസിപ്പിച്ച്. നെനക്കിബട വണീം ഇനീം തീന്? നെനക്കൊരു കാരിയം ഒണ്ടാക്കണം. ബല്ല പൊന്നോ മിന്നോ തരണം. ഏ? അദൊക്കെ ക ണ്ടറിഞ്ഞി ശെയ്യണ്ട നെൻറ ബാപ്പേണ്ടങ്കി ഇമ്മം തിരി എത്തോ? അദോണ്ട് നീ ബിശാരിച്ചൊ. ഞ മ്മടോട എത്ത്യേര് നെൻറ ഫാക്യോണന്ന്. (ആ സ്യായുടെ കയ്യിൽനിന്നും പിടിവിട്ടുകൊണ്ട്) ഇബ്ട ഒന്നു തടവ് മോളെ. തടവ്. എന്തൊരു കുയപ്പാ. ഞരമ്പ് പൊട്ടണുണ്ട്.

(ആസ്യ ലജ്ജയോടെ കസാരയ്ക്കുമുമ്പിൽ കുനിഞ്ഞി രുന്നുകൊണ്ടു കാല് തടവുന്നു )

(അണിയറയിൽനിന്നും ആരോ ചുമക്കുന്ന ശബ്ദം കേൾക്കുന്നു )

അഹ:_ (പരിഭ്രമത്തോടെ ചുമ കേട്ട സ്ഥലത്തേയ്ക്കു ദൃഷ്ടി കൾ പായിക്കുന്നു ) നീ പൊയ്യോ ആസ്യാ പൊ യ്യോ ആരാണ്ട് ബരണുണ്ട്.

(ആസ്യ ബദ്ധപ്പെട്ടെണീററ് കാടിമറയുന്നു)

(ആഗതൻ പ്രവേശിക്കുന്നു. മദ്ധ്യവയസ്കനായ ഒരു മുസ്‌ലീം പുരോഹിതൻ )

പുരോ:_ അസ്സലാമു അലൈക്കും.

അഹ:_ വ അലൈക്കു മുസ്സലാം വറഹ്മത്തുല്ലാ ഹിവ

ബറക്കാത്തുള്ള. (അടുത്തു കിടന്നിരുന്ന കസാര ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇരിക്കി മൊയ്ല്യാരെ

പുരോ:- (കസാരയിൽ ഇരുന്നുകൊണ്ട്) അബ്ദുകുട്ടി ബന്നപ്പോ ഞാനു് ബിജാരിച്ചി. അഹമ്മതുക്ക പറഞ്ഞി കന്നിബ്ടത്തോളമ്പരാൻ എന്നും പറഞ്ഞവനങ്ങട്ട് പോയി. പിന്ന മഗ്‌രിബ്ന് നിക്കരിച്ചി പള്ളിക്കന്നു നെട്ട്കെ ഇങ്ങട്ട് പോന്നു്. പിന്നെ സൊഹം തന്നല്ലെ? ഇന്നാള് അബ്ദുക്കുട്ടിനോട്ട ചോദിച്ചപ്പപ്പറഞ്ഞി ഇക്കക്കെ സൂപ്പു കുടിക്കേണെന്നു്. അപ്പോ സൂപ്പുകുടി കയ്യാണ്ട എബടക്കും പോവൂല്ലാന്നു് എനിയ്ക്കു നിശ്ചയാണു്. ഞാൻ രണ്ടുമൂന്നുതവണ ഇയിലെ അങ്ങട്ട് കാതിരുക്കാടവടക്ക പോയപ്പ ഒന്നു കേര്യാലെന്താന്നു ബിജാരിച്ച്. അപ്പയാ അബ്ദുക്കുട്ടിയായിട്ട് കണ്ടു ബിവരം അറിഞ്ഞതു്. അപ്പൊ പിന്നെ പിന്നക്കബെച്ച് ഒരു നടത്തം കൊട്ത്തു്. ഹേ! ഒന്നു മുണ്ടാനും മുറിക്കാനും ഒരു മനുസനില്ലാന്നു്.

അഹ:- അപ്പ ഞമ്മട കാതിരുക്ക ഇപ്പ എബടേണു്? മൂപ്പരക്കണ്ടട്ട് ഇപ്പ ഉമ്മണി നാളായി.

പുരോ:- അമൻറ കാരിയൊന്നും പറേണ്ട. ബലിയ മോസാ. ബലിയ മോസംന്നു ബെച്ചാ ബലിയ മോസം.

അഹ:- ന്തേയ് മൂപ്പരുക്ക് പററീതു്?

പുരോ:- ണ്ടായ മൊതലും ഒക്ക ചുട്ടതിന്നു് ഇപ്പ പള്ളീ

ത്തന്ന ഇരുപ്പാ. ആള് ബലിയ ബഹാബ്യാ. ബഹാബി. അമനിക്കടെ ബാതോന്നും ഞമ്മക്ക പിടിക്കൂല.

അഹ:— കായില്ലാണ്ടായാപ്പിന്ന തെണ്ടിത്തരം അങ്ങട് തൊടങ്ങാ. ഏ? ന്തേ മൊയ്ല്യാരെ! ഞാനൊരു തമാശ പറേല്യ.

പുരോ:— നിങ്ങ പറഞ്ഞത്ത് ശരിയാ. ശരി കായും പുത്തനും ഇല്ലങ്കിപ്പിന്ന എന്തിനാ ഈ ബലിയ തറവാട്ട പേരുമ്പറഞ്ഞു നടക്കണെദ്? അദാ ഞാൻ ചോയിക്കണെത്ത്.

അഹ:— അദേദെ. അദാ സരി (എന്തോ ഓർത്തുകൊണ്ടു് അകത്തേയ്ക്കു നോക്കി) അബ്ദുക്കട്ട്യേ ടാ അബ്ദുക്കട്ട്യേ.

(അബ്ദുക്കുട്ടി കാലുകളിൽ മെതിയടി അണിഞ്ഞു് "ക്ടോം ക്ടോം" ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് പ്രവേശിക്കുന്നു)

അഹ:— (അബ്ദുക്കുട്ടിയുടെ കാലുകളിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടു്) എന്തുട്ടാടാ നിയ്യ് ഇട്ടേക്കണെത്. ഹൌ! ബലിയൊരു പെറമാണി. ബഞ്ചുമ്മക്കേറി നടക്കണ് (പുച്ഛഭാവത്തിൽ) എടാ അബ്ദുക്കട്ട്യേ. കാക്ക കുളിച്ചാ കൊക്കാവോടാ? എല്ല, നീ പറ. എത്താര ബലിയോനായാലും നീ ഞമ്മട കാരിയസ്തനല്ലേടാ?

അബ്ദുക്കുട്ടി:- (പരുങ്ങലോടെ) നിക്കരിക്കേന്റ്. കൈകെട്ടാമ്പോവുമ്പളാ ഇക്കക്ക ബിളിച്ചത്. അദോണ്ടാ ഇടിട്ടത്.

അഹ: (പുച്ഛത്തോടെ) ബല്യ്യോരു് ആലിമ് നടക്കണ്. ഏദ് സമയോം ഒരു നിക്കാരം. ഇബട ജോലീള്ളപ്പൊ നിക്കരിച്ചി നടന്നാ പണി നടക്കൊ എന്നാ പള്ളീത്തന്ന കുത്തിരുന്നോ.

അബ്ദു:- (വിനയത്തോടെ) ഇശാ നിക്കരിച്ചി. മഗ്രിബ് കളാവായി കെടക്കേന്റ്. അതുകളാ വീട്ടേന്റ്. ല്ലാണ്ടു സുന്നത്തൊന്നും നിക്കരിച്ച് സമയം കളയൂല

അഹ:- എടാ, ആദ്യം നിയ്യാ ബെഞ്ചുമ്മന്നെറങ്ങ്. നാട്ടു പെറസംഗിക്ക്.

(അബ്ദുക്കുട്ടി മെതിയടി ഊരി മുമ്പിൽവെക്കുന്നു)

അഹ:- പോയി ചായ കൊണ്ടുബന്നോടാ.

(അബ്ദുക്കുട്ടി പോകുന്നു)

അഹ:- (പുച്ഛഭാവത്തിൽ) ഇബററടെ ഒക്ക ബിശാരം സൊർഗ്ഗം ഇബരിക്കാന്നാ. എന്നേരോം നിക്കാരോം നോമ്പും തന്നെ. ഒരു ജോലിക്കു ബിളിച്ചാ കിട്ടാണ്ടായി.

പുരോ: അത്തന്നെ എബടത്തേം സിതി. കാലം മറി

ഞ്ഞി. അല്ലാണ്ടെന്തൂട്ടാ പറയാ? കിയാമത്തിൻെറ ലശ്ശണം.

അഹ:- (വിഷയം മാററിക്കൊണ്ട്) അപ്പയേ, നിങ്ങക്ക് ഞമ്മള് ആളയച്ചത് എന്തിനാണെന്നു മനസ്സിലായോ?

പുരോ:- ആള് ബന്നപ്പോ ഇങ്ങട്ട് പോന്ന്. ഇബടെ ബന്നപ്പോ നിങ്ങളെ കണ്ടു.

അഹ:- അതെ. ഞാനൊന്നു ശോയിക്കട്ടെ?

പുരോ:- ഉം, ശോയിക്ക്.

അഹ:- ഞാനാരാ? (ഞെളിഞ്ഞിരുന്നുകൊണ്ട് വലിയ ഗൌരവഭാവത്തിൽ) അല്ല നിങ്ങളുതന്നെ പറ. ഞാനാരാ?

പുരോ:- നിങ്ങ ഞമ്മക്ക ഏററോം ബേണ്ടിയപ്പെട്ടോനാ. ഞമ്മക്കും എല്ലാരിക്കും.

അഹ:- അതല്ല മൊയില്ല്യാരെ, ഞമ്മ ഈ രാജിയത്തെ ആരാന്ന്?

പുരോ:- (പരുങ്ങലോടെ) അദാ ഞാമ്പറഞ്ഞത്. ഞമ്മക്കും ബാക്കിള്ളോരിക്കും പിരിശോള്ളോനാ നിങ്ങള്. ഇനി പള്ളീൻെറ കാരിയം പറേണങ്കി അയിൻേറം ആള്. നാട്ടുകാരുക്കും ബീട്ടുകാരുക്കും എല്ലോരുക്കും നിങ്ങടെ സഹായമ്മേണം. ഇപ്പത്തന്നെ കാരിയം

പള്ളി ഞമ്മടെ തറബാട്ടിന്നു പണിച്ചതാണെങ്കിലും കാലക്കേടോണ്ട് അദ്ദ് ദോശപ്പെട്ടപ്പ അയിന്റെ കേടുപാടുകളൊക്കെ തീക്കാൻ നിങ്ങളല്ലെ ഒണ്ടായെള്ളു? ഒററ മഹ്‌ലൂക്കെങ്കിലും തിരിഞ്ഞിനോക്കിയോ? ആ: അദൊക്കെ ആണ് ഈ സൊക്കത്തിപ്പോണോര് ശെയ്യാ പടച്ചോൻ നിങ്ങള ഇഞ്ഞീം അയിനൊക്കെ ബെയ്യാക്കട്ടെ.

അഹ: — (അഭിമാനത്തോടെ) അപ്പ ഞമ്മളൊരാളല്ലെ മൊയ്ല്യാരെ?

പുരോ:— നല്ല കാര്യായി. എന്ത്! ഒരാള്! ബെറുതെ ആളാണെങ്കി എത്തറക്ക കെടക്കണ്? ഇതു ഇസ്‌ലാമിനു ബേണ്ടിയപ്പെട്ട ഒരാള്. അയിനൊരു തമിശയോമില്ല ഇനി ഇൽമിൻറ കാരിയത്തെപ്പററി പറേണങ്കി നിങ്ങ ബല്യൊരാലിമാ. കയിഞ്ഞകൊല്ലം റമളാനിക്കി പള്ളീല് ബെച്ച് ആമഅന പറഞ്ഞത് ബലിയ ശ്രുറുതി ആയപ്പോയി. ആജ്യാരുംകൂട തലകുലുക്കി അപ്പ നിങ്ങ ശോയിക്കാണ്ടന്നെ ഞമ്മക്കറിഞ്ഞു ടെ അഹമ്മദ്ക്കാ നിങ്ങളപ്പററി. ഇനി ധനത്തിനാണെങ്കി പടച്ചോൻ നിങ്ങക്ക കൈനറച്ചും തന്നേക്കണ് പിന്നെ എന്തൂട്ടാ ബെശമം? (അല്പ സമയം എന്തോ ആലോചിച്ചുകൊണ്ടിരുന്നിട്ട്) പിന്ന ചെല മുസീബത്തുകള് എങ്ങന മനുശ്യൻ നടന്നാലും ബല്ലദുമൊക്കെ പറയും. ഇപ്പത്തന്ന ഒരു ബിവരം പറയ. കയിഞ്ഞ ശൊവ്വാൽമാസത്തില്

ആ കല്ലുകാരൻ അമ്മുക്കഞ്ഞിടെ മോളനിങ്ങ നിക്കാഹ് കയിച്ചു കൊട്ടത്തോന് എന്തോരം ബെടീം പൊഹേം ഇണ്ടായി? പടച്ചോന് നെരക്കാത്ത എന്തൊക്കെ പറഞ്ഞുകൂട്ടി? അല്ലാഹ്! ഈ മന്ശേര് ബലിയ ചീത്തയാ.

അഹ:- (ഉൽക്കണ്ഠയോടെ) അയിനെന്തുട്ടാ മൊയില്യാരെ അവര് പറഞ്ഞെ!

പുരോ:— (ഉൽക്കണ്ഠയോടെ) അതുകേക്കാത്തതാനല്ലേ. മന്ശന്റെ മോത്ത് ബെച്ചി പറയാങ്കൊള്ളാത്ത കാര്യങ്ങള്. അവര് പറഞ്ഞങ്കി പടച്ചോൻ അവരിക്കി കൊട്ക്കും.

അഹ:— ന്നാലും നിങ്ങട്ട പറയ്. ഞമ്മശെയ്യാത്ത പെറോർത്തിയപ്പററി പറഞ്ഞാല് ഞമ്മക്കെന്താ മൊയ്ല്യാരെ? ഏ?

പുരോ: .. അട്ശരിയാ. പടച്ചോനും ഞമ്മക്കും അറിയ അയിൻറ ഉള്ളകള്ളികള്. പിന്നെ നമ്മിമത്തു പറഞ്ഞു നടക്കണോരിക്ക് അവൻ കൊട്ത്തോളും അല്ലാഹ്ഹ മന്ശേരൊക്കെ പുയ്ത്തുപോയി.

അഹ:— ന്നാട്ട് നിങ്ങ പറഞ്ഞില്ലല്ല. പറയ് മൊയ്ല്യാരെ. ഞമ്മ ശെയിദങ്കിലല്ലേ ഞമ്മബെസനിക്കണ്ടൂ? അല്ലാണ്ട് പട്ടികൊരച്ചാ പടിതൊറക്കോ?

പുരോ:- അതെന്തുട്ടാ? ഹമുക്ക് ബാക്ക് ശെവിക്കപൊ

റത്തു്. (നാലുപാടും കണ്ണോടിച്ചു് പതിഞ്ഞ സ്വരത്തിൽ) നിങ്ങ ആ ബീരാൻെറ മോളായിട്ട് അട്ടപ്പത്തിലാർന്നെന്നോ കെട്ടിക്കമ്പ പെണ്ണിന്നു ആറുമാസം പള്ളേലാർന്നെന്നോ അങ്ങനെയൊക്കെ കൊറെ ആരെന്തു പറഞ്ഞാലും ഞങ്ങളൊക്കെ ബിഷ്വാസിക്കോ അഹമ്മദ്ക്കാ? നിങ്ങള അറിയണോരു് നിങ്ങള അറിയും. അല്ലാരേതോരങ്ങട് പറയട്ടെ അല്ലാണ്ടെന്തുട്ടാ പറയാ?

അഹ:— (കൈകൾ മേൽപ്പോട്ടുയർത്തിക്കൊണ്ടു) യാറബ്ബൽ ആലമീൻ! നീബല്ലിയോനാണങ്കി ഈ നമീമത്തു് പറഞ്ഞോരിക്ക് നീ കാട്ടിക്കൊടുക്കണെ (പരിഭ്രമത്തോടെ) അള്ളാ ഞാനെന്തു ശെയ്യാ. മൊയിലിയാരെ, നിങ്ങക്കൊക്കെ അറിഞ്ഞൂക്കൂടെ ഇയിൻെറ ഒക്കെ ബാസ്തവം. ആ ബഹാബി ഹറാമ്പറന്നോൻെറ പണിയാ ഇതു്. അവനല്ലാണ്ടു ഒരു മഹ്ലൂക്കും പറയൂല. അള്ളാഹു ൻറ തറബ്ബാട്ടിനു കരിവാരിതേച്ചല്ലൊ തമ്പുരാനേ...... ഇന്നലെ അബ്ദു്ക്കുട്ടി പറഞ്ഞപ്പോ ഞാമ്പിശ്വാസിച്ചില്ല. എൻെറ മൊയില്യാരെ. ഇപ്പനിങ്ങ പറഞ്ഞപ്പതിരിഞ്ഞി. അവൻ നാട്ടുമുയുമൻ പുയുപ്പിച്ചി. ഇഞ്ഞി ചാവക്കാട്ടറിഞ്ഞിട്ടൊണ്ടാവോ മൊയ്ല്യാരെ?

പുരോ:- (സംശയഭാവത്തിൽ) എന്താ ചാവക്കാട്?

അഹ:— (എണീററു അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു)

അവുടെ ഞമ്മട മോക്കൊരു കല്യാണകാരിയം ഒറപ്പിച്ചേരുന്ന് അള്ളാ. അവരും അറിഞ്ഞു കാണും. അബരും ഞമ്മള ഒപേശിക്കും. അള്ളാ. എന്താണീ കേക്കണ്?

പുരോ:- ഇത്തറത്തോളം പറഞ്ഞോണ്ട് ശോയിക്കയോ. നിങ്ങ പെടക്കാണ്ടിരി അഹമ്മദുക്ക. ന്നാലെ, ഇത്തിര ഒക്കെ ദൂശിക്കേണ്ടമ്പേണം. കാരിയം പറയാല്ലോ

അഹ:- (തിരിഞ്ഞു നിന്നിട്ട്) ന്തേയ്.

പുരോ:- ഇന്നാള് ഒരു സംഭവമൊണ്ടായി. അദും ഇദുപോലൊരു നെമീമത്താ. ന്നാലും നാലുപേരുകൂടിയിരിക്കുമ്പം പറഞ്ഞാ രണ്ടാളെങ്കിലും ബിശ്വസിക്കും ബർത്താനം കയിഞ്ഞാ അവര് ബിശ്വസിച്ചോ ഇല്ലേന്ന് ഞമ്മക്കറിയോ? മനുശ്യേരട കൽബ് പൊളിച്ചി നോക്കാൻ പറേറാ അഹമ്മദുക്ക?

അഹ:- (ഉൽക്കണ്ഠയോടെ) എന്ത്രുട്ടാണ്ടോ മൊയ്ല്യാരെ? നിങ്ങ പറൻറ മൊയിലൃാരെ. ൻറ തല തല്ലിപ്പൊളിക്കാന്തോന്നണുണ്ട്. ഹോ! ബല്യോരിസാബ്

പുരോ:- ഞങ്ങ പത്തുപതിനഞ്ചാള്കള് അസറ്നിക്കാരം കയ്ഞ്ഞി പള്ളിപ്പറമ്പില് നടക്കേന്ന് അപ്പള്ളാ നിങ്ങട കാരിയസ്ഥൻ ഒരു കുപ്പീങ്കൊണ്ട് അയിലെ പോണതു കണ്ടത്. അപ്പകാദിര് ബിളിച്ചി ശോയിച്ചി; ഇക്കാക്കണ്ടടാ അദ്ദ്യ,ട്ടീന്നു. അവൻ

ഉവ്വാന്നുമ്പറഞ്ഞി എന്നാട്ടവൻ തെക്കോട്ട് നടന്നു
കൊടയ്ങ്ങു തീർത്തേം കശ്ശത്തിലിരുന്നേർന്ന. കുപ്പി
പൊട്ടാതാന്നു ബെച്ച് ഒരേകെടക്കണ്. ഞങ്ങളെ
ല്ലാരുംകൂടി അവൻറട്ടത്തു ചെന്നു്. ഞാനുമ്മുണ്ണി
അവന തപതാരിച്ചി. ഈ ബെകിളികൊണ്ടു നട
ന്നാ പറേറാ? കായി പോണത്ത്നിങ്ങക്കാ കുപ്പി
പൊളിഞ്ഞാല് അവനെന്തുട്ടാ നസ്റ്റം? അമന്
രണ്ടു ബീക്ക് കിട്ടേക്കും. അതീക്കൂട്ടതലൊന്നുല.
ഇന്നു് ബിവരം പറയാല്ലോ? കുപ്പി അങ്ങട്ട് പൊ
ട്ടീട്ടു നോക്കുമ്പോ റോഡ്ഢ് മുയിക്കനും പച്ചച്ചോര
പോലത്തെ മരുന്ന് ഒയ്കണ്. കല്ലിനും കട്ടക്കും
ഒക്ക ചോരനെറം തന്നെ ചോരനെറം. എന്തു
ട്ടാതെന്നു അമനോട്ടശോയിച്ച പറഞ്ഞി അവനറി
ഞ്ഞൂടാന്ന് ഇക്കാക്ക ബടക്കത്തെ പീററര് മാഷ
രക്കൊണ്ടെയ്തിച്ച് എറനാളത്ത്ക്ക് തന്നായച്ചതാ.
എട്ടുറുപ്പികട മരുന്നാ. ഇത്തറേ അവനറിഞ്ഞൂട്ടു.
അപ്പയാ ഞമ്മടെ പള്ളീല കത്തീബ് ബന്നത്.
മൂപ്പരിക്കിത്തിരി മുറി ഇൻഗരീസൊക്കെ അറിയ.
ചെലപ്പോക്കെ ഇൻഗരിസില് വിലാസോം എയ്
തും മൂപ്പരിങ്ങട്ട് ബന്ന് കുപ്പീട കയിത്തെട്ടുത്ത്
പൊക്കീട്ട് ബാഴിക്കാൻ തൊടങ്ങി. ബാഴിച്ചുകയി
ഞ്ഞപ്പ മൂപ്പരങ്ങട്ട് ചിരിക്കാനും തൊടങ്ങി. അല്ല
ങ്കി ഈ നിക്കരേം നോമ്പുമായി നടക്കണോര ക
ള്ളത്തരം കണ്ടുപിടിക്കാൻ മൂപ്പരിക്ക് ബഹുബാസ
നയാ. അബരിക്കടെ നാട്ടില് അങ്ങനത്തോര നല്ല
തല്ല് തല്ലുന്നാ മൂപ്പര് പറയ ഞാനും കാതിരും മു

ക്രീം ഒക്ക ബിജാരിച്ചി പഹേൻെറ തമാഃഷപെട്ട താന്ന്. ഒട്ടക്കോന്ന് കാര്യത്തിലായത്ത്. അങ്ങോറങ്ങട്ട് തൊടങ്ങീല്ലെ. നിങ്ങട രാശിയത്തെ ബല്യ്യതിക്കാരക്കാരും അലിമീങ്ങളും കള്ളുകടിക്കണോരാണ്ന്ന്. ഞങ്ങ ഉമ്മണി മീത്ത പറഞ്ഞി. പിന്ന ഞായമ്പറഞ്ഞാ മുട്ടാണ്ട് കയ്യോ? കുപ്പീൻെറ കവുത്തു പൊക്കിപ്പിടിച്ചിട്ട് ഈ രാശിയത്തെ ബല്യ്യോരാലിമും പണക്കാരനുമായ ഒരാൾടെ ഇൻഗരീസ് കള്ളിൻെറ കുപ്പീടെ കവുത്താ ഇതെന്ന് ബിളിച്ചു പറഞ്ഞു. നാട്ടങ്ങട്ട് തൊടങ്ങി. ഹംറുന്ന് പറഞ്ഞാ കള്ള്ന്നാ ഞമ്മ മനസ്സിലാക്കിയേക്കണത്ത്. നാട്ടിലറിയണേന്ന് റൌണീന്ന് സൂത്രത്തിന്ന് ബേടിപ്പിക്കേണ്ട ഇനി ആരെങ്കിലും കണ്ടാ മരുന്നാണെന്നു പറേം. പണ്ണള്ളാരാ പാവങ്ങളെ മീത്താക്കണെ ഞാമ്പറഞ്ഞില്ലെ, സുബഹി ബരെ ബാതപ്പുറത്തിബാതോന്ന്. ഞായമ്പറഞ്ഞ തമ്മെയ്ക്കൈണ്ട അഹമ്മത്ക്കാ അല്ലാണ്ടന്തുട്ടാ പറയ. അതാ നിങ്ങളോടൊള്ള ഇസ്സത്തിന്നാ ദൂശിക്കണോന്ന് പറഞ്ഞത്. (അബ്ദുക്കുട്ടി ചായയുമായി പ്രവേശിക്കുന്നു. ചായ മേശപ്പുറത്തു വെച്ചിട്ടു പോകാൻ ഭാവിക്കുന്നു. ഒരു കാലിൽ പഴയ ഷൂവും മറേറ കാലിൽ ഒരു മെതിയടിയുമാണ് അവനിട്ടിരിയ്ക്കുന്നത്. അഹമ്മത് എണീററു അവൻെറ അടുത്തേയ്ക്കു ചെല്ലുന്നു. അബ്ദുക്കുട്ടി പരിഭ്രമിച്ച് ഒരു കാലിലുള്ള മെതിയടി ഊരി അകത്തേയ്ക്കു എറിയുന്നു. അഹമ്മദ് അവൻെറ ചെപ്പിയ്ക്കു ഒന്നു കൊടുത്തിട്ട്

ഒരുന്തു് കൊടുക്കുന്നു )

അഹ:- (ദേഷ്യത്തോടെ) എടാ ഹറാമ്പറന്നോനെ, നെന്നോട്ട ഞാൻ നേരത്തെ പറഞ്ഞില്ലട ഹറാമീ, മെതിയടി പൊരേലിട്ട് നടക്കരുതെന്ന്.

അബ്ദു:- (തലചൊറിഞ്ഞുകൊണ്ട്) ഇതു് ഇക്കക്കൊടപയേമെതിയടിയല്ല. ഇതു് തട്ടമ്പൊറത്തു്ന്നു് കിട്ട്യേതാ (ഷൂ. ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇതു് ആസാമിപോയ ചോനോട്ട് ബേടിച്ചതാ.

അഹ:- എട ശെയ്ത്താനെ, കാഫറിൻെറ ചെരുപ്പുമിട്ടോണ്ടു് പെരേ കേറണ്. ഒററ ഇടി തന്നാലേ, കണ്ടിച്ചുപോവും പോ മുമ്പീന്ന്.

അബ്ദു:- ഇക്കക്കൊക്ക് ഇസ്‌ററല്ലങ്കിപ്പിന്ന ഞാനിക്കരിക്കണില്ല.

അഹ:- പൊരേലു് ചെരിപ്പിടണ്ടാന്നു് പറഞ്ഞാനിക്കരിക്കണ്ടെന്നാണോടാ അർത്ഥം? ആ: ബേണ്ട നിപ്പരിക്കണ്ട. അല്ലങ്കിലും നിൻെറ നിക്കാരത്തിനൊക്കെ ഇത്തരേ ഖബലയൊള്ളു. പൊക്കോ.

(അബ്ദുറക്കുട്ടി പോകുന്നു.)

(അഹമ്മദ് ഒരു ഗ്ലാസ്സ് ചായയെടുത്ത് പുരോഹിതൻെറ കയ്യിൽ കൊടുക്കുന്നു. മറെറ ഗ്ലാസ്സെടുത്തു അയാററം കുടിയ്ക്കാൻ ഭാവിയ്ക്കുന്നു.)

(പുരോഹിതൻ കുപ്പായക്കീശയിൽനിന്നും ഒരു ഡപ്പിയെടുത്തു് അതിൽനിന്നും എന്തോ ഒന്നെടുത്തു് ചായയിൽ ഇടുന്നു. ശേഷിച്ചതെടുത്തു് പല്ലിൽ തേക്കുന്നു. എന്നിട്ട് ചായ കുടിക്കുന്നു)

പുരോ:- ആവൂ ... ഇനിക്കിത്തിരി കറപ്പില്ലങ്കി — അതു് ഇത്തിമിക്കോളും മതി — നാല് ദെവസോം ബേണ്ടാ. അതോണ്ടാ മറോറാ നൊരുസമാധാനം. ഹമാക്കിൻെറ ബയററില് ബേതന. അയ്ന് ഇദ്ബലിയ ആശ്വാസാ.

അഹ:- (തലകുനിച്ചിരുന്നുകൊണ്ടു് ചിരിക്കുന്നു. അല്പം കഴിഞ്ഞ തലയുയർത്തി പുരോഹിതനെ നോക്കികൊണ്ടു്.) അപ്പ ബിളിപ്പിച്ച കാരിയം പറഞ്ഞില്ലല്ല അങ്ങട് പറയട്ടെ. നിങ്ങക്ക് തരപ്പെട്ടങ്കി ചെയ്യണം.

പുരോ:- എന്തുട്ടാ അഹമ്മതുക്കാ. നിങ്ങളങ്ങട് പറഞ്ഞോളിൻ. ഞമ്മക്ക് തരാവുങ്കി ആരക്കൈ നോക്ക. നിങ്ങ പറഞ്ഞതട്ടൊള്ള ഏതു് കാരിയാ ഞമ്മ കവേശശെയിദട്ടൊള്ളെ? ആ താടി മമ്മതിൻെറ മോള ആ ആറാംപറന്നോനെക്കൊണ്ടു് മൊയ്യ്കൊടുപ്പിക്കാൻ എത്തറ നടത്തം നടന്നു്. എന്തോരം ബാശ്യാണു് ആജ്യാരു് കാട്ട്യേതു്. അങ്ങേയററം ഞാനാ അയമ്മതാതറ ബാടീനന്നു് നോക്കാന്നു. കൂടി ആജ്യാരു് പറഞ്ഞി. ന്നട്ട് എന്തായി? ഏ? നിങ്ങ തന്നെ പറ. കൊണ്ടോടി അയമ്മതോ വട്ടം

തട ആജ്യരോ ജയിച്ചത്? ആരാ ഇപ്പ ആണ്? ഏ.... നിങ്ങ തന്നെ പറ. പടച്ചോൻേറം നേർച്ച ക്കാരൂട്ടേം ബർക്കത്തോണ്ട് ഇത്തിരി പുത്തൻേറ കൊറവ് മാത്തറെ ഒള്ളു. ഞാനും ഒരു തറവാടി യാ. പിടിച്ചോടത്തു കൊണ്ടന്ന് കെട്ടാൻ കൊറെ ഒക്കെ പടച്ചോൻേറ കൃപ ഒണ്ടങ്കി ഞമ്മക്കും നടക്കും. എല്ലാണ്ട് എന്തുട്ടാ പറയാ?

അഹ:- അവടന്ന് പെയ്തത് ഞമ്മ മറക്കുന്ന് നിങ്ങബി ശാരിക്കണ്ട. കൊണ്ടോടി അയിദറോസാജിട മോന്തന്നേണ് ഞാനെങ്കി ശെയ്തേന് നന്ദി ശെയ്യും. ആ: നിങ്ങളതിലും തമിശ്യം ബിജാരിക്കണ്ട.

പുരോ:- അതുമാതിരിത്തന്ന്യാ ഞമ്മളും കരുത്ത്യേക്കണെ ത്.

അഹ:- അപ്പ നിങ്ങള കാരിയം പറയാമ്പോണത്, ഞമ്മളും ഇബടത്ത ഒരു പെറമാണിയാന്ന് നിങ്ങള്തന്ന തമ്മയ്ച്ചി അന്നൊലക്ക് ഞമ്മള ദൂശ്യം പറഞ്ഞ ഒരു ഹറാമി ഒണ്ടങ്കി അവന നെലക്ക് നിത്തണ്ടെ മൊയ്ല്യാരെ?

പുരോ:- അത് ബേണ്ടിയതാ അയിന് തമ്ശയോല്ല.

അഹ:- ന്ന് ഇപ്പ ഇന്ന പറയും. നാള നിങ്ങള പിന്ന മ്മളെല്ലാരേം. അപ്പ മൊളേത്തന്നെ ഒരു ഷ്ടങ്ങട് ബെച്ചാ അമനങ്ങനട്ട് അമൻെകെടന്നോളും. മ ച്ചുമ്പൊറത്തുതന്നെ ഇരുത്ത്യാല് പറേറാ? ഞമ്മട

ശോറ് തിന്നട്ട് തോളീക്കേറി ചെപ്പിതിന്നാമ്പോക
യാ? തമ്മയ്ക്കാമോ മൊയ്ല്യാരെ?

പുരോ:- പററ്ല. അക്കളി പററ്ല.

അഹ:- അദോണ്ട് പള്ളീല നിങ്ങകാർന്നോരാ.

പുരോ:- അതെ.

അഹ:- അദോണ്ടു ആ ബഹാബി കത്തീബിന ഈ നിമി
ശത്തിന് പറഞ്ഞയക്കണം.

പുരോ:- ഞമ്മ പള്ളീല കത്തീബാ. (പതുക്കെ) അമ
ൻേറലു് കാരിയം ഇത്തിരി ചുണ്ടീണ്ടെങ്കിലും ഞമ്മ
ക്കമെന്നെ ഏതു ബുദ്ധിക്കുടാ ബേണങ്കിലും കൊണ്ടോ
വാ. പിന്ന അമരു ബല്ല ദ്ദശ്യം പറഞ്ഞാല് ഒന്നു
ബിളിച്ചിശോയിച്ചട്ടല്ലെ ഒപേശടകാരിയം ചെയ്യു
ല് നല്ലതു് ഇനി ഞമ്മക്കൊരയിപ്പ്റായൊണ്ട്
അവടക്ക് നിറുമ്മന്തോണങ്കി പറഞ്ഞോണം ശെ
യ്യു. പിന്ന ഞമ്മ അ്തിപ്പ്റായം പറഞ്ഞോണ്ട് നെ
ങ്ങ പറഞ്ഞേതന് അനുസരണക്കേട്ട് പറഞ്ഞെതന്
തോന്നരുതു്.

അഹ:- മൊയില്ല്യാരെ, നിങ്ങ ആലോയിച്ചെ. ആ ബ
ഹാബീട ചീട്ടു ബേണോ ഞമ്മക്ക് സൊക്ത്തില്
കടക്കാൻ? ഏ? നിങ്ങ പറ. ഞമ്മക്ക് കടക്കണെ
ങ്കി ഞമ്മള് ശെയ്യണം ഞമ്മടെ പെറോർത്തി
കൊണ്ട് ഞമ്മക്ക് കൊണങ്കിട്ടും. അല്ലെ മൊയ്
ല്ല്യരെ?

പുരോ:- അല്ലാണ്ടു പട്ടിക്ക രോമം മൊളച്ചാ കസ്സാനെന്താ കാരിയം? അബന്ന് പുത്തൻ കിട്ടോ? പോട്ടെ, ഒരു ബീഡിക്കററ കിട്ടോ? അല്ലാണ്ടെന്തൂട്ടാ പറയ?

അഹ:- ആ പറഞ്ഞതാ കാരിയം. ന്നാലും അമനിപ്പ ഞമ്മടാ കുയിക്കുറെണ്ണം നോക്കോ? ഞമ്മക്കൊന്നു ബരാമ്പോണില്ല ബല്ലിച്ചേടത്തുന്നും ഇത്തിരി മരന്നു് ബേടിച്ചാ അതവൻെറ ബാപ്പാൻെറ ഇൻഗരീസ് മരന്നു. നിങ്ങ നേരത്തെ പറഞ്ഞ ഇൻഗരീസ് മരന്നിൻെറ കാരിയാ പറഞ്ഞത് അബൂട്ടി ബേടിച്ചു കൊണ്ടന്നതു് ശരിയാ ഞമ്മളെന്തിനാ കളവു് പറേണത്? അതെന്തിന് ബേടിച്ചെന്ന് ആ നായിൻെറ മോനറിയോ? ഞമ്മട കുട്ടിക്ക സൊഹോല്ലാണ്ടെ അതു് മേടിച്ചതു് അപ്പാത്തിക്കിരി പറഞ്ഞിട്ടാ അതു ടേിമക്കാനെട ബന്നതു തന്നെ ഒരാക്ക് സൊഹാല്ലാഞ്ഞാ മരു്ന്ന് കുടിക്കണ്ടെ? അയ്നിമൻെറ ലേസൻ കിട്ടീട്ടു് ബേണോ? നിങ്ങ പറമ്മെയ്ല്യാരെ ഒരു ഞായം.

പുരോ:- അദ്ദ് ശരിയാ. എല്ലാണ്ടെന്തൂട്ടാ പറയ. ന്നാലേ ഞമ്മട അയിപ്പെറായം നെഞ്ചക്ക് ബരോതല്ലങ്കി........

അഹ;- അമനബിളിപ്പിക്കണ്ടെ കാരിയാ മൊയിലിയാരെ നിങ്ങ പറയണതു്?

പുരോ:- ഞാമ്പറഞ്ഞതു് ഇത്തിരി ആലോചിച്ചട്ടാ ഇ

ഞ്ഞി നിങ്ങട ഇസ്റ്റംപോലാവ. എല്ലാണ്ടെന്നേട്ടാ പ
റയ?

അഹ:- അപ്പ അമന ബിളിപ്പീക്കണോന്നാ നിങ്ങാംട
ഐപ്രായം?

പുരോ:- ആ അതല്ലെ നല്ലത്: നെഞ്ഞൊന്നാലിയിക്ക്.

അഹ:- പട്ടീൻറ വാലു് നീളോ? ഈ ബഹാബികള പ
ദേഷിച്ച നന്നാക്കാമ്പറേറാ മൊയ്ല്യാരെ?

പുരോ:- അയിൻറ ഹിക്കമത്ത് അതല്ല. അമനെ അ
ങ്ങട്ട് ഒപേഷചെയ്യുമ്പം അദ് നാട്ടിലങ്ങട്ട് വരക്കം.
അത് ബേണ്ടന്ന് ബെച്ചാ.

അഹ:- അദും ശരിയാ. നാ അങ്ങട്ട് ബിളിപ്പിച്ചാളയ.
എല്ലെ മൊയ്ല്യാരെ?

പുരോ:- അദാനല്ലേ. നിങ്ങ ങ്ങനെശെയ്താള അഹമ്മത്
ക്കാ ഇമ്മാതിരി പൊഹേം ച,ന്ദം ബരുമ്പോ ആ
ലോയിച്ചട്ടങ്ങട് അടച്ചുബെച്ചാ, പിന്ന ഒരു ബയി
ക്കും പോവൂല. ഞമ്മഇദൊക്കെ എന്തോരം കണ്ട
താ. അക്കണെക്കിനു ഇതൊക്കെ പൊഹയാ. ഞ
മ്മട ആജ്യാരട കത്ത് തന്നെ എന്താന്നു്?

അഹ.- ഞമ്മള പറഞ്ഞമാതിരി മൂപ്പരേം പറഞ്ഞിട്ടൊ
ണ്ടോ മൊയ്ല്യാരെ?

പുരോ:— നല്ല പുതുമ. പറഞ്ഞോന്നു് പതുക്കെപ്പോയി
ക്കടാ. പള്ളിക്കക്കേററാണ്ടിരിക്കാൻ എന്തോരം

നോക്കി? അബസാനം, ഇസ്ളാമൊടപ്പർപ്പീങ്ങള്; അങ്ങോരു കൊണ്ടോടി തങ്ങളുള്ള കാലം. ഒരുത്തനിക്കും എതിരു പറയുവാൻ പററൂല.

അഹ:— ന്ന്ട്ടെങ്ങനെ രശ്ശപ്പെട്ട് മൊയ്ല്യാരെ? ഈ ഹാമികൾടെ ഏടേന്ന്. ബലിയ അതിശയം തോന്നുണ്.

പുരോ:— അതു് കുരുവാർന്ന്. രാശങ്കുരു ഇതു ശൊറിയാണ് പിന്നെ കുത്തിപുണ്ണാക്കേണന്ന് മുമ്പില് ഒണക്കിക്കളെയണം.

അഹ:— ന്നട്ട് ആജ്ജ്യാരെങ്ങനെ പൊല്ലാപ്പീന്ന് പോന്ന്? അതുപറ.

പുരോ:— അങ്ങോരു് ബല്യതലയൊള്ള കാക്കയാ

അഹ:— നാട്ട് എന്തു ശെയ്തു.

പുരോ:— അതു് പറയ ബല്യരസൊള്ള ബിശായാ മൂപ്പരങ്ങട്ട് ചെന്ന് ഒരു നിക്കാരോം കാര്യാം ബീയ്യോം. കക്കള്ളടങ്ങട്ട് പൊടിപൊടിച്ചി. ആളേ്ട ബർത്താനത്തിനൊന്നും ശെവികൊട്ടക്കാണ്ടൊരു നടത്തോം.

അഹ:— (സംശയഭാവത്തിൽ) മൂപ്പരു് ഹംവ് ശ്രൂവുബ്ബോ മൊയ്ല്യാരെ?

പുരോ:— നല്ല കാര്യായി. ഹംവ്ശ്രൂവുബോന്ന്. ബീപ്പക്കണക്കിനാ. ബീപ്പക്കണക്കിന്. അതു മത്തരോ?

അഹ:- (ചിരിച്ചുകൊണ്ടു്) അപ്പ ആള്ു് ബല്യകൊടിയ പഹേനാർന്നല്ലോ മൊയ്‌ല്യാരെ?

പുരോ:- നല്ല കാര്യായ്. അറാംപറന്നോനു് എണ്ണു കൂച്ചേ്യാനാനു്. ആരിക്കും ബിയങ്ങ്ല. ഹറും സിനേം കളീം, ഒക്ക ഉററഅസ്ഹാബികളാ. നല്ല കാര്യായി. നിങ്ങക്കറിയോ ആജ്യാരെ?

അഹ:- ന്നട്ടു് ആളങ്ങട്ടു് മാത്ര്യേത്തു പറഞ്ഞില്ലല്ലോ മൊയ്ല്യാരെ?

പുരോ:- ന്നട്ടു് പറോണതു് കേക്കു്.

അഹ:- നിങ്ങ പററഞ്ഞാളിൻ.

പുരോ:- കൊറേ നിക്കാരോം സദക്കേം ഒക്ക ആയപ്പ (പെട്ടന്നെന്തോ ഓർത്തുകൊണ്ടു്) ആ: ഇയിൻെറട ക്കൊരു് കാരിയം മറന്നു്.

അഹ: — അതെന്തുട്ടാ?

പുരോ:— ഒരു് മഹ്ളറേമ്പെച്ചു്. ഏ? അവരട പൊരട പടിഞ്ഞാപ്പൊറൊള്ള ആ മഹളാ. അതു് മൂപ്പരായിട്ടു് ബെച്ചതാ.

അഹ: — ആ ആജ്യാരു്ട പള്ളിയില്ലെ?

പുരോ:- അതു്തന്നെ. അങ്ങോരായിട്ടു ബെച്ചതാ.

അഹ:- ന്നട്ടു്?

പുരോ: പള്ളി ഒക്കെബെച്ച് തങ്ങളൊന്നാങ്ങട്ട് ബിളിപ്പിച്ചിട്ട് ഒരു ശോദ്യങ്ങട് കൊട്ത്ത്.

അഹ:- (സാത്ഭുതം) തങ്ങളോടോ? ബിളിച്ചിപ്പ ബന്നോ?

പുരോ:- നല്ലകാര്യായ. ബിളിച്ചാ ബന്നില്ലെങ്കി കെട്ട കെട്ടി കൊണ്ടരോല്ല. ആള്ക് തെമ്മാടി ആണങ്കിലും ബലിയ കഷിള്ളോനാ ......പണത്തിന്റ മോളില് പരുന്ത് പറക്കേടൊ അഹമ്മദക്കാ........?

അഹ:- അത് ശരിയാ. പുത്താനങ്ങട്ട് കൊടുക്കാന്ന് ബെച്ചാ എന്തുട്ടാ നടക്കാത്തെ? പടച്ചോന കയിഞ്ഞാ കായിതന്ന്യാ ബല്ലീത്. അതങ്ങട്ട് ബാരിക്കൊട്ക്കാന്ന് ബെച്ചാ ആരും കീയടങ്ങിപ്പോവും.

പുരോ:- തങ്ങക്ക് കൈമടക്ക് കൊട്ത്ത്ന്നല്ല ഞാമ്പറഞ്ഞത്. നല്ല കാര്യായി. ഒരു ലശ്ശങ്ങട്ട് കൊട്ടത്താല് മൂപ്പര് പുല്ല് മാതിരി ബിജാരിക്കൊള്ളു ആള്ക് ബല്യ ആലിമാ. അദൊക്കെ കാരിയം ബേറെ.

അഹ:- അങ്ങനെ ബേടിക്കണോരുണ്ട്. ട്ടാ! പിന്നെ അല്ലാരും........

പുരോ: ഇദ്ദ് അതീപ്പെട്ട മന്ശനല്ല. ബലിയ കറാമത്തോള്ളോനാ.

അഹ:- നാട്ട്?

പുരോ:- തങ്ങള് പത്തുന്തുറാളുങ്കൂട മഹളറേലിരിമ്പളാ ആജ്യാരട ഷിഷ്യംചോദിക്കലു്.

അഹ:- എന്തു് തമിഷ്യം?

പുരോ:— നിസ്കരിച്ചാ കൂലീണ്ടോന്നു !

അഹ:— അദ്ദ് ശോയിക്കാനു് ണ്ടാ? അയിലെന്തുട്ടാ തമിശ്യം. പടച്ചതമ്പുരാൻ അമൻെറ ഖുർആനിൽ പറഞ്ഞേക്കണെതല്ലെ? അതെന്തിനാ പിന്നെ.

പുരോ:— നിങ്ങ കേക്ക് അഹമ്മദ്ക്കാ. തങ്ങള് മുട്ടിപ്പോയ ശോദ്യാ ഇതു്.

അഹോ:— നാട്ട് തങ്ങള് ന്തുട്ടാ എപറഞ്ഞതു്?

പുരോ: തങ്ങള് പറഞ്ഞി നിക്കാരം നിബ്ബന്തോണ്ടു്ന്നു്. അതു് എല്ലാമനു്ശ്യരിക്കും അള്ള നിർബ്ബന്ധമാക്കിയേതാണു്. അദെട്ടക്കാത്തോരിക്കി ശിക്ഷേണ്ട്.

അഹ: — അദ്ദ്ശായിക്കാണ്ടന്നെ അറിയണ കാരിയാ. ന്താ മൊസ്ല്യാരെ? നിങ്ങന്നാ ഒന്നു പറ.

പുരോ:— അദറിയാണ്ടല്ല അഹമ്മത്ക്കാ, ആജ്യരു് ശോയിച്ചതു. അയിനു് മറുപടി പറഞ്ഞിട്ടുബേണം മൂപ്പരിക്കി പിന്നേം ശോയിക്കാൻ. ബല്യതലേള്ള പഹേനാ.

അഹ: — അപ്പ തങ്ങള് മറുപടി പറഞ്ഞി. നാട്ടു്?

പുരോ:— അപ്പശോയിച്ച് ഞമ്മള് നിക്കരിച്ചാ ശിക്ഷ ണ്ടാവോന്ന്. ഇല്ലാന്ന് തങ്ങളും. പിന്ന ശോയിച്ചി. അട്ട് കൊറെ കട്ടപ്പൊള്ള ശോദ്യാ. തങ്ങളു കൂട കറങ്ങിപ്പോയി. ബല്ലാത്ത തലേള്ള പഹേനാ.

അഹ:— (അക്ഷമയോടെ) എന്തുട്ട് നാപിന്നത്ത?

പുരോ:- പടച്ചതമ്പുരാൻ ഞമ്മെശെയ്യണകൊണത്തിനും ദോശത്തിനും ഒരുപോലെ കൂലിതരുന്ന് പറഞ്ഞിട്ടില്ലേന്ന്.

അഹ:- നമ്മതിന്മനോക്കി കൂലികിട്ടും അട്ടശരിയാ.

പുരോ: അപ്പപിന്നത്ത ശോദ്യാ, ഞാൻ നിക്കരിക്കും. കള്ളുകുടിക്കും സകാത്ത് കൊടുക്കും. സിനാചെയ്യും ഒരു കൊണോം ഒരു ദോശോം. കൊണത്തിന്ന് കൂലി ദോശത്തിന്ന് ശിശ്ശ. കൊണത്തീന്ന് ദോശം കിയിച്ചാ പിന്ന ഒന്നൂലാന്നാ മൂപ്പരട ബാതം. ഇതങ്ങുപറേലും തങ്ങളെങ്ങീറൊറാര് പോക്കും. ബലിയതലേള്ള പഹേനാ........

അഹ:— അപ്പതങ്ങള് ബളിച്ചുകാണും. ബലിയ തല തന്നെ

പുരോ:— സകലരും തമ്മയ്ച്ചുപോയി. എന്നാട്ട് ആജ്ജ്യാരുക്കൂടിരുന്നോരോട്ട് ശോദിക്ക്യാ. ഞാൻ കൊണോം ശെയ്യും ദോശോം ശെയ്യും. അക്കാരിയം നിങ്ങ അന്നേശിക്കണ്ടാന്ന്. നമീമത്ത് പറഞ്ഞോരൊക്കെ പുളിച്ചട്ടാ പോയത്.

അഹ:— പിന്നെ ഒരു ബർത്താനോം ഇണ്ടായില്ലല്ലെ മൊയല്യാരെ?

പുരോ:— പിന്നങ്ങട്ട് അജ്ജിന്ന് പോയി. ബന്നപ്പൊ പറഞ്ഞോരു് മൊദല് സകലആളേളും മൂപ്പര് ഒവദേഷം കേക്കണോരൊള്ളു. ആളെന്തോരാമാറ്യേത്ത്? പയേമക്കാരാ ഇപ്പളത്ത മക്കാരാജി. സവ്വദോശോം കയികിപ്പോയി.

അഹ:— (ചിന്താധീനനായി ഇരിയ്ക്കുന്നു.) മൊയ്ല്യാരെ. നിങ്ങ കത്തീബിന ആരേം ബിളിപ്പിക്കണ്ട (അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.) ഏത്ത് ശൈത്താനോ ആണെങ്കിലും പറഞ്ഞോട്ടെ. അദ്ദ് തന്നത്താൻ അടങ്ങിക്കോളും.

പുരോ:-(അത്ഭുതത്തോടെ) ആളേള്പറഞ്ഞാപ്പിന്നജീവിക്കാൻ പറ്റോ അഹമ്മത്കാ? നിങ്ങ ബേണ്ടപ്പോ ബേണ്ടത്തു ചെയ്യില്ല. എങ്കിലെ, സന്താനങ്ങക്ക് കൂടിപെട്ട പേരാ ബര

അഹ:— (എന്തോ ഓർത്തിരിയ്ക്കുന്നു. അവസാനം സന്തോഷത്തോടെ ചിരിച്ചുകൊണ്ട്) ഇനിപറഞ്ഞാ ത്തന്നെ നാലുമാസം പറയും. അതുകയ്ഞ്ഞാപ്പിന്ന ഞമ്മ പറഞ്ഞതാ അവര് പറയാ

പുരോ:- (സാത്ഭുതം) അതെന്ത്ത് ബിദ്ദിയ അഹമ്മത്ക്ക. അപ്പയക്കും നിങ്ങക്ക ബല്ല കറാമത്തും കിട്ടോ? ഞാനറിയാണ്ട് ശോയിക്കേണ്.

അഹ:- (ബെൽററ് തുറന്നു് ഒരു പത്തിൻെറ നോട്ടെടുത്തു നീട്ടിയ്ക്കൊണ്ട്) ഇതു് നിങ്ങ ബേടിക്ക് മൊയ്ല്യരെ; ബേടിക്ക്. നാട്ടു് പറയ ബിശായം.

പുരോ:- (നോട്ടു വാങ്ങിയിട്ടു്) നിങ്ങ എന്തുട്ടാ കാട്ടണതു് അഹമ്മതു്ക്കാ. ഒരു തിരിയാത്ത കളി.

അഹ:- നാലേ കോട്ടാളിൻ ഞമ്മളജ്ജിറു പോവാ, ന്തേയ്.

പുരോ:- അല്ലഹു അയിനു് നിങ്ങക്ക് തൌഫീക്ക് തര ട്ടെ

അഹ:- (മേൽപ്പോട്ടു ദൃഷ്ടികളുയർത്തി ഭക്തിയോടെ) ആമീൻ. (പുരോഹിതനെ നോക്കിക്കൊണ്ട്.) മൊയ്ല്യാരെ. നിങ്ങ നമീമത്തു പറഞ്ഞോരോട്ട് പറഞ്ഞേക്ക്. ആജ്യാരു് പറഞ്ഞതു് തന്നെ അങ്ങ ട്ട് പറഞ്ഞേക്ക്.

പുരോ:- അതു പിന്ന പറയാണ്ടിരിക്കാ?

അഹ:- നാലെ, ഞമ്മ ശെയ്ത കുററങ്ങളൊക്കെ കയുകി കളയാമ്പോണ്. ഇനി ഞമ്മട മേത്തു് ശെല്ലീണ്ട ന്നു് ആരും പറയൂലല്ല എന്തേയ് മൊയ്ല്യരെ?

പുരോ:- അട്ട് തീന്നുപോയി. ഇഞ്ഞാരും പറയൂല്ല നമീമത്തിൻെറ മേലിടണ ബോമ്പാണതു്. എന്തേ യ് അഹമ്മതു്ക്കാ?

അഹ:- അയ്ന് മാത്തറ. ഞമ്മട എല്ലാ ബെട്ടപ്പുകേട്ടം ഷുദ്ദിചെയ്യാ.

പുരോ:- ഒററക്കാ പോണെ? ആരെങ്കിലും ഒരാള്ക്കൂട പോരണ്ടഠ് നല്ലതാ

അഹ:- ഞമ്മക്ക അബ്ദു ക്കുട്ടിന കൊണ്ടെയ്ക്കളെയ. എന്തേയ് മൊയ്ല്യാരെ!

പുരോ:- (ഒന്നും മിണ്ടുന്നില്ല. മുഖത്ത് പരാജയത്തിൻേറതെന്നു തോന്നുമാറുള്ള ഒരു കറുത്ത നിഴൽ വീശുന്നു )

അഹ:- ന്തേയ് മൊയ്ല്യാരെ?

പുരോ:- ഓ! ഒന്നുല്ല. നിങ്ങക്ക ബല്ല പണീം എടപ്പിക്കാല?

അഹ:- (അണിയറയിലേക്ക നോക്കി) അബ്ദുറക്കുട്ട്യേ്.

(അണിയറയിൽ നിന്നും "ഓ" എന്ന് വിളികേൾക്കുന്നു അതെത്തുടന്ന് അബ്ദുറക്കുട്ടി രംഗത്തേക്ക പ്രവേശിക്കുന്നു.)

അഹ:- ഞാനജ്ജിനു പോവാ. നിയ്യുകൂടി പോന്നോ

അബ്ദു:- (അത്ഭുതത്തോടെ) ഇക്കക്കെ അജ്ജിനു പോവാ?

അഹ:- അതേ. നിയ്യും പോരു്.

അബ്ദു:- ഞമ്മ ഇക്കക്കൊട കൂട പോന്നാല് മക്കേല് പോ
യ്ന്ന് ആരുംപറയൂല. ഞമ്മ മടങ്ങി ബന്നാ ബോ
ംബെലെ ആജ്യാര്ന്നേ ബിളിക്കു.

(അഹമ്മത്തും പുരോഹിതനും ചിരിക്കുന്നു )

അഹ:- അതൊക്കെ പോട്ടെ ഞാനെല്ലാരോടും പറയ
നീമക്കത്തേക്കാ അജ്ജിനു പോയട്ട്ന്ന്. പോരെ?

അബ്ദു:- (മേല്പ്പോട്ടു ദൃഷ്ടികളുയർത്തി) നെനക്ക് ശുക്റ്.

കർട്ടൻ

1127/1541

# ചിത്രശലഭമൊരു മഹർഷി

(നാടകം)

ഫിറോസ്

VENUS

1127
1541